# OASIS

NEWS BULLETIN മരുപ്പച്ച

Older Adults Sharing In Service

STATE BANK OF INDIA PENSIONERS' ASSOCIATION (KERALA) KOTTAYAM DISTRICT CENTRE

Vol. VI Book. 12 Regd. No. . ER /450/2001 1200 വൃശ്ചികം – ധനു ഡിസംബർ Date: 31.12.2024




OASIS

Older Adults Sharing In Service

OASIS NEWS BULLETIN മരുപ്പച്ച

Older Adults Sharing In Service

**ഉപദേശക സമിതി**

**കെ.രാജീവൻ**

**സംസ്ഥാന പ്രസിഡന്റ്**

**എ.ജയകുമാർ**

**ജനറൽ സെക്രട്ടറി**

**പത്രാധിപ സമിതി**

**ഹെൻറി ജോൺ**

**രക്ഷാധികാരി**

**മാത്യു അടയ്ക്കാമുണ്ടക്കൽ**

**മാനേജിംഗ് എഡിറ്റർ**

**എം.ജി.രാഘവൻ**

**ചീഫ് എഡിറ്റർ**

**കെ. എൻ.വിശ്വനാഥൻ നായർ**

**എഡിറ്റർ**

**പി.പി.ഫിലിപ്പ്**

**അസോസ്സിയേറ്റ് എഡിറ്റർ**

**പത്രാധിപ സമിതി അംഗങ്ങൾ**

**പി.എം.ജേക്കബ്**

**സി.പി.മാത്യു**

**ജോർജ് ജോസഫ്**

**എം.പി.പുഷ്കരൻ**

**വി.ആർ.ബി**

**രാജൻ ജോർജ്**

**ത്രേസ്സ്യാമ്മ ആന്റണി**

**സണ്ണി ജോസഫ്**

**കെ. കെ.പാപ്പച്ചൻ**

# ഉള്ളടക്കം


| പേജ് നം. | കൃതിയുടെ പേര് | എഴുതിയ ആൾ |
|---|---|---|
| കവർ പേജ് | മുഖചിത്രം | ക്രിസ്തുമസ് ആശംസകൾ |
| കവർ ഉൾവശം | പത്രാധിപസമിതി ഉള്ളടക്കം | എഡിറ്റർ |
| 1 | പത്രാധിപക്കുറിപ്പ് നാവിക സേനാ ദിനം | കെ.രാജീവൻ |
| 2 | പാൻ 2.0 | എം.ജി.രാഘവൻ വാർത്ത |
| 3 | നോമിനേഷൻ നിയമം മാറുന്നു | എ.ജയകുമാർ വാർത്ത |
| 4-8 | അസോസിയേഷൻ/ ജില്ലാ യോഗങ്ങൾ | വാർത്തകൾ |
| 8-10 | നാട്, സമ്പദ്‌വ്യവസ്ഥ | വാർത്ത |
| 10-11 | സംഘം ഭരണ സമിതി യോഗം | ത്രേസ്സ്യാമ്മ ആന്റണി |
| 12-14 | അസോസിയേഷൻ/ ജില്ലാ യോഗങ്ങൾ | വാർത്തകൾ |
| 167,8-6 | സമാധാൻ പഖ്വാഡ | വാർത്തകൾ |
| 17 | എറണാകുളം ജില്ലാ കേന്ദ്രത്തിന്റെ കുടുംബസംഗമം | വാർത്തകൾ |
| 18-20 | സംഘം ഭരണ സമിതി യോഗം | ത്രേസ്സ്യാമ്മ ആന്റണി |
| 10-14 | ക്ഷേത്രങ്ങളുടെ ദ്വീപിൽ ഭാഗം 2 | ബി.സി.ഉണ്ണികൃഷ്ണൻ നായർ |
| 14-15 | ചെറുകഥ തണുപ്പ് | റൈസ ബീഗം |
| 16 | നർമ്മ വീഥി | ഫോർവേഡ്സ് |
| 17 | കൗതുക വാർത്തകൾ | എം.ജി.രാഘവൻ |
| 19 | വായനക്കാർ എഴുതുന്നു | പി.പി.ഫിലിപ്പ് |
| 19-21 | വിരമിക്കുന്നവർ | വാർത്ത |
| 22 | നേട്ടങ്ങൾ അഭിനന്ദനങ്ങൾ | വാർത്തകൾ |
| 23-31 | ആദരാഞ്ജലികൾ | വാർത്തകൾ |
| 32 | പിൻ കവർചിത്രം | നവ വത്സരാശംസകൾ |

## പത്രാധിപക്കുറിപ്പ്



കെ.രാജീവൻ

# സാഗരങ്ങളെ വിറപ്പിക്കുന്ന മഹാഗർജനം



## ഇന്ത്യയുടെ കരുത്തായ നാവികസേന

### ഡിസംബർ നാലിന് രാജ്യം നാവികസേനാദിനം ആചരിക്കുന്നു.

1971ലെ ഇന്ത്യ പാക് യുദ്ധത്തിൽ പാകിസ്താന് മേൽ നേടിയ ഉജ്ജ്വല വിജയം ഓപ്പറേഷൻ ട്രൈഡന്റിന്റെ ഓർമ ദിവസമാണ് രാജ്യം നാവികേ സേന ദിനമായി ആചരിക്കുന്നത്. സവിശേഷതകളേറെയുള്ള സേനാവിഭാഗമാണ് നേവി. ഇന്ത്യയുടെ കടൽമേഖലകളെ സംരക്ഷിക്കുക എന്ന ദൗത്യത്തിനപ്പുറം ഇന്ത്യൻ സമുദ്രമേഖലയിൽ രാജ്യത്തിന്റെ സ്വാധീനം ഉറപ്പിച്ചുനിർത്താൻ സദാ ശ്രദ്ധാലുക്കളാണു നാവികസേന.

ഇന്ത്യയിലെ പല സാമ്രാജ്യങ്ങൾക്കും നാവികക്കരുത്തുണ്ടായിരുന്നു. മറാത്തകളും ചോളരാജാക്കൻമാരുമൊക്കെ ഇതിൽ ഉൾപ്പെടും. ബ്രിട്ടൻ ഇന്ത്യയിൽ റോയൽ ഇന്ത്യൻ നേവി സ്ഥാപിച്ചു. രണ്ടാം ലോകയുദ്ധത്തിനു ശേഷം റോയൽ ഇന്ത്യൻ നേവി 10 മടങ്ങു വലുതായി മാറിയിരുന്നു. രാജ്യത്തിന്റെ സ്വാതന്ത്ര്യസമരത്തിലും നേവിയുടെ മുദ്രയുണ്ട്. നാവിക വിപ്ലവം ഇതിനൊരു മികച്ച ഉദാഹരണമാണ്.

അന്നത്തെ റോയൽ ഇന്ത്യൻ നേവിയുടെ പരിശീലനക്കപ്പലായിരുന്നു എച്ച്എംഎസ് തൽവാർ. അതിലാണ് ആദ്യമായി സമരം തുടങ്ങിയത്. ബോംബെ ഹാർബറിൽ കിടന്ന തൽവാറിലെ നാവികർ നിരാഹാര സത്യഗ്രഹത്തിലേക്കു പോയി. താമസിയാതെ 22 കപ്പലുകളിൽകൂടി സമരം പടർന്നു. ബ്രിട്ടനെ വിറപ്പിച്ച സമരമായിരുന്നു ഇത്.

### സ്വാതന്ത്ര്യാനന്തരം ഇന്ത്യൻ നാവികസേന അതിന്റെ യാത്ര തുടങ്ങി

ഇന്നത്തെ കരുത്തുറ്റ നിലയിലേക്കുള്ള യാത്രയിൽ ഒട്ടേറെ പടവുകൾ താണ്ടിയാണ് ആ യാത്ര. 1971ലെ ബംഗ്ലാ വിമോചന യുദ്ധത്തിൽ ഇന്ത്യൻ സേന പാക്കിസ്ഥാൻ അന്തർവാഹിനിയെ കടലിൽ മുക്കിയിരുന്നു. പിഎൻഎസ് ഗാസി എന്നായിരുന്നു ആ മുങ്ങിക്കപ്പലിന്റെ പേര്. വിശാഖപട്ടണത്തു പോയി ഇന്ത്യയുടെ ഐഎൻഎസ് വിക്രാന്തിനെ മുക്കുക, ഇന്ത്യയുടെ കിഴക്കൻ നാവിക കേന്ദ്രങ്ങളിൽ കടൽമൈനുകൾ സ്ഥാപിക്കുക എന്നീ ലക്ഷ്യങ്ങളുമായി ഗാസി 1971 നവംബർ 14നു കറാച്ചിയിൽ നിന്നു യാത്ര തിരിച്ചു. പക്ഷേ ആ യാത്രയ്ക്ക് എന്നെന്നേക്കുമായി ഇന്ത്യൻ നേവി അന്ത്യം കുറിച്ചു. മറ്റൊരു കപ്പലിനെ വിക്രാന്തായി തെറ്റിദ്ധരിപ്പിച്ചായിരുന്നു തന്ത്രം.

1971...ആ വർഷം ഡിസംബർ മൂന്നിന് പാക്കിസ്ഥാൻ വ്യോമസേന ഇന്ത്യയുടെ ആറ് എയർ ഫീൽഡുകൾ ആക്രമിച്ചു. ഇതോടെ ബംഗ്ലദേശ് വിമോചന യുദ്ധത്തിന് കാഹളമായി. നാവികസേന കറാച്ചി തുറമുഖത്തെ ആക്രമിക്കാൻ പദ്ധതിയിട്ടു.... ഇതിനുള്ള നിയോഗം ഓസ 1 മിസൈൽ ബോട്ടുകൾക്ക് വന്നു ചേർന്നു. എന്നാൽ റേഞ്ച് കുറവുള്ള അധികം സഞ്ചരിക്കാൻ സാധ്യമല്ലാത്ത ഓസ എങ്ങനെ കറാച്ചിയിലെത്തിക്കും. നാവികസേനയിലെ പ്രതിഭാധനരായ ഓഫിസർമാർ അതിനും പ്രതിവിധി കണ്ടെത്തി. ഓസ ബോട്ടുകളെ കപ്പലിൽ കെട്ടി വലിച്ച് കറാച്ചിക്കു സമീപം എത്തിക്കുക. ഓപ്പറേഷൻ ട്രൈഡന്റ് വ്യത്യസ്തമായത് ഇവിടെയാണ്. കറാച്ചി തുറമുഖത്തെ ഇത്തരത്തിൽ ആക്രമിച്ച് പാക്കിസ്ഥാനെ പ്രതിരോധത്തിലാക്കാൻ നേവിക്കു കഴിഞ്ഞു.

### കടലുകൾ നിയന്ത്രിക്കുന്നവൻ ലോകം നിയന്ത്രിക്കും

ഏതൊരു രാജ്യത്തിന്റെ തീരത്തും ഒരു നാവികപ്പടയുണ്ടാകുമെന്നാണു പഴമൊഴി. ഒന്നുകിൽ അത് ആ രാജ്യത്തിന്റേതാകും, അല്ലെങ്കിൽ അതു ശത്രുക്കളുടെയോ അധിനിവേശക്കാരുടെയോ ആയിരിക്കും– നാവികസേനയുടെ പ്രാധാന്യം വെളിവാക്കുന്ന വാക്കുകൾ. കടലുകൾ നിയന്ത്രിക്കുന്നവൻ ലോകം നിയന്ത്രിക്കുമെന്ന മറ്റൊരു പഴമൊഴിയുമുണ്ട്.

ഇന്ത്യയുടെ നാവികസേന ഇന്ന് പ്രശസ്തിയുടെ കൊടുമുടികളിലാണ്. അനേകം രക്ഷാദൗത്യങ്ങളിലും കടൽക്കൊള്ളക്കാരെ തുരത്തുന്ന ദൗത്യങ്ങളിലും സേന പങ്കെടുക്കുന്നു. ഇന്ത്യൻ ഓഷൻ മേഖലയിലെ പ്രധാനശക്തിയാണ് ഇന്ന് ഇന്ത്യൻ നേവി.

ഇന്ത്യൻ സമുദ്രതീരങ്ങളുടെയും നിരവധി ഇന്ത്യൻ തീരങ്ങളുടെയും പ്രതിരോധവും സംരക്ഷണവും നാവികസേനയുടെ കരങ്ങളിലാണ്. സമുദ്രാർത്തിയിലൂടെ സഞ്ചരിക്കുന്ന ചരക്കു കപ്പലുകൾക്ക് വേണ്ട സഹായം എത്തിക്കലും കപ്പലുകളുടെയും മത്സ്യബന്ധന ബോട്ടുകളുടെയുമെല്ലാം സുരക്ഷ ഉറപ്പാക്കലുമെല്ലാം നാവികസേന കൃത്യമായി ചെയ്യുന്നു. അയൽരാജ്യങ്ങളിൽ നിന്നുള്ള ഏത് ഭീഷണിയും നേരിടാൻ തയ്യാറാണ് ഇന്ന് രാജ്യം.

# പാൻ 2.0

**നികുതിയുമായി ബന്ധപ്പെട്ട സേവനങ്ങള് രേഖപ്പെടുത്തുന്നതിന് നല്കുന്ന പത്തക്ക ആല്ഫ ന്യൂമറിക് തിരിച്ചറിയൽ നമ്പറാണ് പാൻ (PAN). പാൻ കാർഡിന്റെ അപ്ഡേറ്റഡ് വേർഷനായ പാൻ 2.0 പ്രോജക്ടിന് അംഗീകാരം നല്കി കേന്ദ്ര സർക്കാർ. നികുതിദായകർക്ക് മെച്ചപ്പെട്ട ഡിജിറ്റൽ സേവനങ്ങൾ നൽകുക, നടപടിക്രമങ്ങൾ എളുപ്പമാക്കുക എന്നിവയാണ് പ്രധാന ഉദ്ദേശം. നിലവിലുള്ള കാർഡിന്റെ പരിഷ്കരിച്ച രൂപമാണ് പാൻ 2.0. ക്യുആർ കോഡ് ഉൾപ്പെടുത്തി വരുന്ന പാൻ 2.0 പദ്ധതിയ്ക്ക് 1435 കോടി രൂപയാണ് ചെലവായി പ്രതീക്ഷിക്കുന്നത്.**

ആദായനികുതി വകുപ്പ് ഉൾപ്പെടെയുള്ള എല്ലാ സർക്കാർ സംവിധാനങ്ങളിലും ഒരു പൊതു തിരിച്ചറിയൽ രേഖയായി ഉപയോഗിക്കുക എന്നതാണ് പാൻ 2.0-യിലൂടെ കേന്ദ്രം ലക്ഷ്യമിടുന്നത്. ഉപയോക്താവിന്റെ ഡേറ്റാ സുരക്ഷ ഉറപ്പാക്കുന്നതിനും, സൈബർ ആക്രമണങ്ങളെ ചെറുക്കുന്നതിനും, ക്യു.ആർ. കോഡ് അടക്കമുള്ള നൂതനസംവിധാനങ്ങൾ കാർഡിലുണ്ടാവും. പാൻ 2.0-ലേക്ക് ഓൺലൈനിലൂടെ സൗജന്യമായി അപ്ഗ്രേഡ് ചെയ്യാം. പാൻ കാർഡുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങൾക്കുമായി ഒരു ഏകീകൃത പോർട്ടൽ നിലവിൽ വരും. പ്രകൃതി സൗഹാർദവും, ചെലവ് ചുരുങ്ങിയതും, സുരക്ഷിതവും, വേഗതയേറിയതുമായ സേവനമായിരിക്കും പാൻ 2.0-യിലൂടെ ഉപയോക്താക്കൾക്ക് ലഭിക്കുക ......

## രാജ്യത്ത് ഇനി പുതിയ പാൻ കാർഡ്




**നിലവിൽ, പുതിയ ആപ്ലിക്കേഷനുകൾ, തിരുത്തലുകൾ, അപ്ഡേറ്റുകൾ, ട്രാക്കിംഗ് എന്നിവയ്ക്കായി പാൻ കാർഡുകൾ നൽകാനും ഓൺലൈൻ, ഓഫ്‌ലൈൻ സേവനങ്ങൾ നൽകാനും പ്രോട്ടീൻ, UTIITSL എന്നിവയ്ക്ക് അധികാരമുണ്ട്. പാൻ 2.0 പ്രകാരം, നവീകരിച്ച സിസ്റ്റം ഉപയോഗിച്ച് പുതിയ പാൻ കാർഡുകൾ നൽകും, നിലവിലുള്ള പാൻ ഡാറ്റ ഒരു കേന്ദ്രീകൃത ഡാറ്റാബേസിലേക്ക് ലയിപ്പിക്കും. നിലവിലുള്ള പാൻ കാർഡുകൾ സാധുതയുള്ളതായി തുടരുമെങ്കിലും, വ്യക്തികൾക്ക് അധിക പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന ഒരു പുതിയ പാൻ കാർഡിലേക്ക് അപ്ഗ്രേഡ് ചെയ്യാൻ നിലവിലുള്ള എല്ലാ പാൻ ഉടമകൾക്കും പുതിയ സിസ്റ്റത്തിലേക്കുള്ള മൈഗ്രേഷൻ സ്വയമേവ സംഭവിക്കും**

## നിലവിൽ പാൻ ഉള്ളവർ പുതിയതെടുക്കണോ? പാൻ നമ്പർ മാറുമോ? എല്ലാ സംശയങ്ങൾക്കും ഉത്തരം ഇതാ

**കേന്ദ്രമന്ത്രിസഭാ യോഗം പുതിയ പാൻ 2.0 പദ്ധതിക്ക് അംഗീകാരം നല്കിയതിനേ തുടർന്ന് പല സംശയങ്ങളും ഉയർന്നിരുന്നു. നിലവിൽ പാൻ (Permanent Account Number/PAN) ഉള്ളവർ പുതിയതിന് അപേക്ഷിക്കണോ? നിലവിലെ പാൻ നമ്പറിൽ മാറ്റം വരുമോ? തുടങ്ങി സംശയങ്ങൾ ധാരാളമുണ്ട്. ഇതിനെല്ലാം മറുപടി പുറത്തിറക്കിയിരിക്കുകയാണ് ധനകാര്യ മന്ത്രാലയം.**

### എന്താണ് പാൻ 2.0 പദ്ധതി?

*** പാൻ, ടാൻ എന്നിവ വിതരണം ചെയ്യുന്ന പ്രക്രിയ ആധുനികവൽക്കരിക്കാനും പോരായ്മകൾ പരിഹരിക്കാനും ലക്ഷ്യമിട്ട് നികുതി വകുപ്പ് അവതരിപ്പിച്ചതാണ് പാൻ 2.0 പദ്ധതി. ഡിജിറ്റൽ ഇന്ത്യയുടെ ഭാഗമായി, നികുതി വകുപ്പ് ഉൾപ്പെടെ എല്ലാ സർക്കാർ സംവിധാനങ്ങളിലും ഒരു പൊതു തിരിച്ചറിയൽ രേഖയായി ഉപയോഗിക്കാൻ കൂടി ലക്ഷ്യമിടുന്നതാണിത്.**

### എന്തുമാറ്റമാണ് പാൻ 2.0 കൊണ്ടു വരിക?

*** നിലവിൽ പല പ്ലാറ്റ്ഫോമുകൾ വഴിയാണ് പാൻ അധിഷ്ഠിത സേവനങ്ങൾ നല്കുന്നത്. ഇ-ഫയലിംഗ് പോർട്ടൽ, യു.ടി.ഐ.ഐ.ടി.എസ്.എൽ പോർട്ടൽ, പ്രോട്ടീൻ, ഇ-ഗവ് പോർട്ടൽ എന്നിവ വഴിയെല്ലാം പാനുമായി ബന്ധപ്പെട്ട സേവനങ്ങളുണ്ട്. പാൻ 2.0 നടപ്പാകുന്നതോടെ ഇതെല്ലാം ഒറ്റ സംയോജിത പോർട്ടലിലേക്ക് മാറും. പാനിന് അപേക്ഷിക്കാനും തെറ്റു തിരുത്താനും ആധാർ ബന്ധിപ്പിക്കുന്നതിനും ഓൺ ലൈൻ പാൻ വാലിഡേഷനുമൊക്കെ ഈ ഒറ്റ പ്ലാറ്റ് ഫോം വഴി സാധിക്കും. കാലതാമസം ഒഴിവാക്കി പരാതികൾ കുറച്ചുകൊണ്ട് ഈ പ്രക്രിയകൾ എളുപ്പത്തിലാക്കാൻ ഇത് സഹായിക്കും. പൂർണമായും കടലാസ് രഹിതമായിട്ടാണ് പോർട്ടൽ പ്രവർത്തിക്കുക.**

### പണം അടയ്ക്കേണ്ടി വരുമോ?

*** പുതിയ പാൻ അനുവദിക്കുന്നതും നിലവിലുള്ള പാനിൽ തിരുത്തലുകൾ വരുത്തുന്നതും പൂർണമായും സൗജന്യമാ യാണ്. അച്ചടിച്ച പാൻ കാർഡ് വേണമെങ്കിൽ 50 രൂപ അടയ്ക്കണം. ഇന്ത്യയ്ക്ക് പുറത്താണെങ്കിൽ 15 രൂപയും പോസ്റ്റൽ ചാർജും അധികമായി നൽകണം. പാനിന്റെ ഡിജിറ്റൽ പതിപ്പ് (ഇ-പാൻ) മാത്രമാണ് സൗജന്യമായി പി.ഡി.എഫ് രൂപത്തിൽ ഇ-മെയിലിൽ ലഭിക്കുക.**

### നിലവിലെ പാൻ ഉടമകൾ പുതിയ പാനിന് അപേക്ഷിക്കണോ? പാൻ നമ്പർ മാറുമോ?

*** നിലവിൽ പാൻ കാർഡ് ഉള്ളവർ പുതിയതായി അപേക്ഷ സമർപ്പിക്കേണ്ടതില്ല. നിലവിലെ പാൻ നമ്പറിൽ മാറ്റം വരില്ല.**

### നിലവിലെ പാനിലെ തെറ്റു തിരുത്താനും മാറ്റങ്ങൾ വരുത്താനും സാധിക്കുമോ?

*** പാൻ 2.0 പദ്ധതി ആരംഭിച്ചതിനു ശേഷം നിലവിലെ പാൻ ഉടമകൾക്ക് പേര്, ജനനത്തീയതി, മൊബൈൽ നമ്പർ തുടങ്ങിവയിൽ തെറ്റുണ്ടെങ്കിലോ മാറ്റമുണ്ടെങ്കിലോ അത് സൗജന്യമായി മാറ്റാം. ഇത് നടപ്പാകുന്നതു വരെ ആധാർ**

അധിഷ്ഠിത ഓൺലൈൻ സംവിധാനം വഴിയും മാറ്റം വരുത്താം.

## ക്യു.ആർ കോഡ് പുതിയ പാനിൽ മാത്രമാണോ

* 2017-18 മുതലുള്ള എല്ലാ പാൻ കാർഡുകളിലും ക്യു.ആർ കോഡ് ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് പാൻ 2.0യിലും തുടരും. ക്യു.ആർ കോഡില്ലാത്ത പാൻ കാർഡ് കൈവശമുള്ളവർക്ക് പുതിയതിന് ഇപ്പോഴും അപേക്ഷിക്കാൻ അവസരമുണ്ട്.

## ഒരാൾക്ക് ഒന്നിലേറെ പാനുണ്ടെങ്കിൽ എങ്ങനെ നീക്കം ചെയ്യും?

ആദായ നികുതി നിയമപ്രകാരം ഒരാൾക്ക് ഒന്നിലധികം പാൻ കൈവശം വയ്ക്കാൻ പാടില്ല. ഇനി അബദ്ധവശാൽ രണ്ട് തവണ പാൻ നേടിയിട്ടുള്ളവർ അസെസിംഗ് ഓഫീസറെ സമീപിച്ച് അധിക പാൻ ഇല്ലാതാക്കാം. പാൻ 2.0 യിൽ സാങ്കേതിക വിദ്യ അപ്ഗ്രേഡ് ചെയ്യുന്നതിനാൽ ഒരാൾ ഒന്നിലേറെ പാൻ കൈവശം വയ്ക്കുന്നത് തടയും.

### പുതുക്കിയ പാൻ കാർഡ് സർക്കാർ നിങ്ങളുടെ വിലാസത്തിലേക്ക് നേരിട്ട് അയയ്ക്കും.

കേന്ദ്ര സർക്കാർ പാൻ കാർഡിന്റെ പുതിയ പതിപ്പായ പാൻ 2.0 പ്രഖ്യാപിച്ചു, എന്നാൽ ഇതിനായി നിങ്ങൾ ഒന്നും ചെയ്യേണ്ടതില്ല, പുതിയ പുതുക്കിയ പാൻ കാർഡ് സർക്കാർ നിങ്ങളുടെ വിലാസത്തിലേക്ക് നേരിട്ട് അയയ്ക്കും. പ്രത്യേകം ശ്രദ്ധിക്കുക: പാൻ കാർഡ് അപ്ഡേറ്റിനായി നിങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള ഫോൺ കോളുകൾ, സന്ദേശങ്ങൾ, മെയിൽ എന്നിവ ലഭിക്കുകയാണെങ്കിൽ, പ്രതികരിക്കരുത്, അല്ലെങ്കിൽ എന്തെങ്കിലും വിവരം നൽകരുത്, OTP ഇല്ല എന്നർത്ഥം. അറിഞ്ഞിരിക്കുക...സൈബർ തട്ടിപ്പ് ഒഴിവാക്കുക.

# നോമിനേഷൻ നിയമം മാറുന്നു



**എ.ജയകുമാർ**
**ജനറൽ സെക്രട്ടറി**

ബാങ്ക് നിക്ഷേപങ്ങളുടെ കാര്യ ത്തിൽ ഒരു നോമിനി എന്നതിന് പകരം നാലു നോമിനികളെ വരെ അക്കൗണ്ടുടമകൾക്ക് ഇനി ഏർപ്പെടുത്താം ഒരാൾക്ക് പിറകെ മറ്റൊരാൾ എന്ന് ക്രമമായ (successive) രീതിയിലോ എല്ലാവരും ഒന്നിച്ച് ഒരേ സമയത്തുതന്നെ (simultaneous) എന്ന രീതിയിലോ ഒന്നിലധികം നോമിനികളെ സാധ്യമാക്കുന്നതാണ് പുതിയ നിയമം. ഒരാൾക്ക് പിറകെ മറ്റൊരാൾ എന്ന രീതിയിൽ നോമിനികൾക്ക് ക്രമം നിശ്ചയിക്കാവുന്നതാണ്. ഉടമയുടെ മരണശേഷം ഒന്നാമൻ ജീവിച്ചിരുന്നാൽ പണം സ്വീകരിക്കാം. ഒന്നാമൻ ജീവിച്ചിരിക്കാത്ത പക്ഷം തുടർന്ന് മുറ അനുസരിച്ച് മറ്റ് നോമിനികൾക്ക് പണം സ്വീകരിക്കാൻ അവകാശം ലഭിക്കും. ഒന്നിലധികം നോമിനികൾ ഒന്നിച്ച് ചുമതലപ്പെടുത്തുന്ന രണ്ടാമ ത്തെ രീതിയിൽ ഓരോരുത്തർ ക്കും മൊത്തം തുകയുടെ എത്ര ശതമാനം വീതം അർഹതയുണ്ടാകുമെന്ന് മുൻകൂട്ടി നിശ്ചയിക്കാം. ഏതെങ്കിലും ഒരു രീതി മാത്രമേ അക്കൗണ്ടുടമയ്ക്ക് തിരഞ്ഞെടുക്കാനാകു.




ലോക്കറുകളുടെ കാര്യത്തിൽ ഒരാൾക്ക് പിറകെ മറ്റൊരാൾ എന്ന് അനുക്രമമായിട്ടായിരിക്കും ഒന്നിലധികം പേരെ നോമിനികളാക്കാൻ സാധ്യമാക്കുന്നതാണ് പുതിയ നിയമം.

നോമിനികളുടെ എണ്ണത്തിലും ക്രമത്തിലുമാണ് പുതിയ പരിഷ്കാരങ്ങളെങ്കിലും നോമിനേഷൻ സംബന്ധിച്ച മറ്റ് നിബന്ധനകൾ മാറ്റമില്ലാതെ തുടരും അക്കൗണ്ടുടമകളെല്ലാം കൂടി തീരുമാനിച്ചാൽ മാത്രമേ നോമിനികളെ നിശ്ചയിക്കാനാകൂ. പ്രായപൂർത്തിയാകാത്ത നോമിനികളെ നിർദ്ദേശിക്കുമ്പോൾ പ്രായപൂർത്തിയായ മറ്റൊരാളെ മൈനർക്കു വേണ്ടി അധികമായി ചുമതലപ്പെടുത്തണം

പ്രായപൂർത്തിയാകാത്തവരുടെ അക്കൗണ്ടുകളിൽ നോമിനിയായി നിശ്ചയിക്കേണ്ടത് നിയമപര മായി മൈനറുടെ താൽപര്യങ്ങൾ ക്കായി പ്രവർത്തിക്കാൻ അർഹതപ്പെട്ടവർ ആയിരിക്കണം.




അക്കൗണ്ടുടമകൾക്ക് എപ്പോൾ വേണമെങ്കിലും നോമിനേഷൻ റദ്ദാക്കുകയോ വ്യത്യാസപ്പെടു ത്തുകയോ ചെയ്യാവുന്നതാണ്. നോമിനേഷൻ റജിസ്റ്റർ ചെയ്തിട്ടു ള്ള വിവരങ്ങൾ എഴുതി നൽകാൻ ബാങ്കുകൾക്ക് ഉത്തരവാദിത്തമുണ്ട്. അക്കൗണ്ടുടമ ആവശ്യപ്പെടുന്ന പക്ഷം പാസ് ബുക്കിലോ നിക്ഷേപ

രസീതിലോ നോമിനിയുടെ വിവരങ്ങൾ കുടി ബാങ്കുകൾ രേഖപ്പെടുത്തി നൽകേണ്ടതാണ്. ഓരോ തവണ പുതിയ അക്കൗണ്ടുകൾ തുടങ്ങുമ്പോഴും നോമിനേഷൻ നൽകിയിരിക്കണമെങ്കിലും സ്ഥിര നിക്ഷേപങ്ങൾ പുതുക്കുമ്പോൾ അടിസ്ഥാന നിക്ഷേപത്തിലെ നോമിനേഷൻ അക്കൗണ്ടുടമ വ്യത്യാസപ്പെടുത്താത്ത പക്ഷം അതു തന്നെ തുടരും.

## പുതിയ നിയമം

നടപടിക്രമങ്ങളുടെ നൂലാമാലകളിൽപ്പെടാതെ ഉടമസ്ഥനില്ലാത്തതും അവകാശപ്പെട്ടിട്ടില്ലാത്തതുമായ ബാങ്ക് നിക്ഷേപങ്ങൾ ക്രമാ തീതമായി വർധിക്കുന്നതു തടയുന്നതിനു പുതിയ നിയമം സഹാ യിക്കുമെന്നു പ്രതീക്ഷിക്കാം.

# കോട്ടയം ജില്ലാ എക്സിക്യൂട്ടീവ് കമ്മറ്റി യോഗം

**എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ജില്ലാ എക്സിക്യൂട്ടീവ് കമ്മറ്റി യോഗം 2024 ഡിസംബർ മാസത്തിലെ ഭരണ സമിതി യോഗം 20–ാം തീയതി വെള്ളിയാഴ്ച്ച എസ്. ബി .ഐ. കോട്ടയം ഠൗൺ ശാഖാ മന്ദിരത്തിലെ അസ്സോസിയേഷൻ ഏരിയാ ഓഫീസ് ഹാളിൽ വച്ച് നടത്തി.**

.

രാവിലെ 10.45 നു മൗനപ്രാർത്ഥനയോടെ യോഗനടപടികൾ ആരംഭിച്ചു. ഈ കാലയളവിൽ നമ്മെ വിട്ടുപിരിഞ്ഞ നമ്മുടെ മെമ്പർ ഹേമലതയുടേയും (LM 10348 ) ഫാമിലി പെൻഷനർ മറിയാമ്മ ജോർജിന്റെയും ( FPM 10482 ) മറ്റു അടുത്ത കുടുംബാംഗങ്ങളുടെയും നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി 2 മിനിറ്റ് മൗനം ആചരിച്ചു. ജോയിന്റ് സെക്രട്ടറി രമേശ് ബാബു സ്വാഗതം ആശംസിച്ചു. തുടർന്ന് അദ്ധ്യക്ഷ പ്രസംഗത്തിൽ വിശ്വനാഥൻ നായർ.കെ.എൻ. ഡിസംബർ 27 നു നടക്കുന്ന ക്രിസ്തുമസ് ന്യൂഇയർ ആഘോഷങ്ങളുടെ ഒരുക്കങ്ങൾ, ചെയ്യേണ്ടുന്ന കാര്യങ്ങൾ തുടങ്ങിയവയെ ക്കുറിച്ച് സംസാരിച്ചു. മുഖ്യ പ്രഭാഷണത്തിൽ ഡി.ജി.എസ്. ഹെൻറി ജോൺ 2025 ആദ്യം നടത്തേണ്ട ഇലക്ഷൻ പ്രോസസ് സംബന്ധിച്ച കാര്യങ്ങളെക്കുറിച്ച് വിശദീകരിച്ചു. ഇലക്ഷൻ വിജ്ഞാപനം വന്നാലുടൻ റിട്ടേണിംഗ് ഓഫീസറായി ഡോ.കുരിയാക്കോസ് ജോസഫിനെയും, അസിസ്റ്റന്റ് മാരായി .ചെറിയാൻ.എം.സി.യേയും, .ജോൺ.വി.ചെറിയാനെയും, നിയോഗിക്കുന്നതിനും തീരുമാനിച്ചു. ഇവരിൽ ആർക്കെങ്കിലും അസൗകര്യം വന്നാൽ മറ്റൊരാളെ നിയോഗിക്കുവാൻ ജില്ലാനേത്രുത്വത്തെ ചുമതലപ്പെടുത്തുകയും ചെയ്തു
ഡിസ്പെൻസറിയിലെ സുഗമമായി നടക്കുന്ന മരുന്നു വിതരണം തുടരുന്നത് സംബന്ധിച്ച ചില കാര്യങ്ങളെ
ക്കുറിച്ചും അദ്ദേഹം സംസാരിച്ചു. തുടർന്ന് സെക്രട്ടറി പി.എം.ജേക്കബ്ബ് റിപ്പോർട്ടും, ട്രഷറർ സി.പി.മാത്യു കണക്കും അവതരിപ്പിച്ചതു യോഗം ചർച്ചചെയ്തു പാസ്സാക്കി.



ജില്ലാ എക്സിക്യൂട്ടീവ് കമ്മറ്റിയിൽ റിപ്പോർട്ട്
അവതരിപ്പിക്കുന്ന സെക്രട്ടറി .പി.എം.ജേക്കബ്ബ്

സഭാ സാമുദായിക സാമൂഹിക രംഗങ്ങളിലെ നിസ്തുലമായ സംഭാവനകൾ കണക്കിലെടുത്ത് കേരള റീജിയൺ ലാറ്റിൻ കാത്തലിക് കൗൺസിലിന്റെ 'ആദരവ് 2024' അവാർഡ് നേടിയ ഡി. ജി. എസ്. ഹെൻറി ജോണിനെ യോഗം അനുമോദിച്ചു.



യോഗത്തിൽ പങ്കെടുത്തവരുടെ ദൃശ്യം

ആശംസകൾ അർപ്പിച്ചുകൊണ്ട് എ.ജി.എസ്. രാജശേഖരൻ.കെ.പി. സംസ്ഥാന കമ്മിറ്റി ഡിസംബർ 31 വരെ നടത്തുവാൻ ആഹ്വാനം ചെയ്തിരിക്കുന്ന അംഗത്വ വിതരണ യജ്ഞത്തെ സംബന്ധിച്ചു വിശദീകരിച്ചു. ക്രിസ്തുമസ് നവവത്സര പ്രോഗ്രാമിനെക്കുറിച്ച് വൈസ് പ്രസിഡന്റ് ത്രേസ്യാമ്മ ആന്റണി സംസാരിച്ചു.



കമ്മറ്റി അംഗങ്ങൾ മറ്റൊരു വീക്ഷണം

ഏരിയ റിപ്പോർട്ടിംഗ് രമേശ് ബാബു, അഡ്വ.കെ.ജെ.വർഗീസ്, രാജു.പി.സി., സണ്ണി ജോസഫ്, ജോർജ് ജോസഫ്.കെ., പി.പി.ഫിലിപ്പ്., പുഷ്കരൻ.എം.പി.എന്നിവർ അവതരിപ്പിച്ചു. ഓപ്പൺഫോറം വളരെ സജീവമായിരുന്നു. പുഷ്കരൻ.എം.പി.യുടെ കൃതജ്ഞതയോടെ 12. 45 നു യോഗനടപടികൾ അവസാനിച്ചു.

# കോട്ടയം ജില്ലയുടെ കുടുംബ സംഗമവും ക്രിസ്തുമസ്സ് പുതുവത്സര ആഘോഷവും

കോട്ടയം ജില്ലാ കേന്ദ്രത്തിന്റെ ക്രിസ്തുമസ്, ന്യൂഇയർ ആഘോഷവും കുടുംബ സംഗമവും. 2024,ഡിസംബർ 27 –ാം തീയതി വെള്ളിയാഴ്ച്ച രാവിലെ 9.45 മുതൽ കോട്ടയം ബേക്കർ ജംഗ്ഷനിലുള്ള , ബേക്കർ മെമ്മോറിയൽ എൽ.പി.സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടത്തി. ജില്ലാ പ്രസിഡന്റ് കെ.എൻ വിശ്വനാഥൻ നായർ അദ്ധ്യക്ഷത വഹിച്ചു



അദ്ധ്യക്ഷത വഹിച്ചു സംസാരിക്കുന്ന ജില്ലാ പ്രസിഡന്റ് കെ.എൻ വിശ്വനാഥൻ നായർ.

ക്രിസ്തുമസ് അവധിക്കാലമായതിനാൽ ധാരാളം പരിപാടികളും തിരക്കുകളും ഉണ്ടായിരുന്നെങ്കിലും അവയെല്ലാം ക്രമീകരിച്ചുകൊണ്ട്, അസോസിയേഷന്റെ ആഹ്വാനപ്രകാരം 500 - ഓളം അംഗങ്ങൾ എത്തിയത് അവരുടെ പ്രതിബദ്ധതയുടെയും അർപ്പണ മനോഭാവത്തിന്റെയും മഹത്തായ പ്രകടനമായിരുന്നു.



എസ്ബിഐ പെൻഷനേർസ് അസോസിയേഷൻ , കോട്ടയം സെന്ററിന്റെ ക്രിസ്തുമസ് ന്യൂഇയർ ആഘോഷം ഉദ്ഘാടനം ചെയ്യുന്ന ജനറൽ മാനേജർ ( ചെന്നൈ )ജോബി ജോസും ഡെപ്യൂട്ടി ജനറൽ മാനേജർ ( ബി & ഒ , എ.ഒ. കോട്ടയം ) മനോജ് കുമാർ പത്രയും

മറ്റൊരു സവിശേഷത കൂടി ഈ ക്രിസ്തുമസ് - നവവത്സര ആഘോഷങ്ങൾക്ക് മാറ്റു കൂട്ടുകയാണ്ടായി. ചരിത്രത്തിൽ ആദ്യമായി കോട്ടയം ജില്ലാ സമ്മേളനത്തിന് നമ്മുടെ ബാങ്കിന്റെ ഒരു ജനറൽ മാനേജർ വന്നു പങ്കെടുത്തു എന്നതാണ്. നമ്മുടെ അഭ്യർത്ഥന മാനിച്ച്, ചെന്നൈ സർക്കിൾ ജനറൽ മാനേജർ ജോബി ജോസ് എത്തുകയും കോട്ടയം ഡെപ്യൂട്ടി ജനറൽ മാനേജർ മനോജ് കുമാർ പത്രയോടൊപ്പം ക്രിസ്തുമസ് - ന്യൂ ഇയർ ആഘോഷങ്ങൾ കേക്ക് മുറിച്ച് ഉൽഘാടനം ചെയ്യുകയും ചെയ്തതു ഏറെ അഭിമാനകരമായ
ഒരു മുഹൂർത്തമായിരുന്നു.

ജില്ലാ വൈസ് പ്രസിഡന്റ് ത്രേസ്യാമ്മ ആ ന്റ് ണിയും, . എൽസമ്മ ഹെൻറിയും ചേർന്ന് പാടിയ പ്രാർത്ഥനാഗാനതോടെ സമ്മേളനം ആരംഭിച്ചു. മുൻ പ്രധാനമന്ത്രി ഡോ.മൻമോഹൻ സിംഗ്, അക്ഷര കുലപതി എം. റ്റി.വാസുദേവൻ നായർ എന്നിവരുടെ നിര്യാണത്തിൽ ഒരു മിനിറ്റ് മൗനാചരണം നടത്തിയതിനെ തുടർന്ന് ജോയിന്റ് സെക്രട്ടറി രമേശ് ബാബു സദസ്സിനു സ്വാഗതം അർപ്പിച്ചു.

കോട്ടയം ഡെപ്യൂട്ടി ജനറൽ മാനേജർ .മനോജ് കുമാർ പത്ര ചെയ്ത ഉൽഘാടന പ്രസംഗത്തിൽ അസോസിയേഷനുമായുള്ള ഊഷ്മള ബന്ധത്തെക്കുറിച്ച് പരാമർശിക്കുകയും ആഘോഷങ്ങൾക്ക് ആശംസകൾ അർപ്പിക്കുകയും ചെയ്തു.



ഡെപ്യൂട്ടി ജനറൽ മാനേജർ ( ബി & ഒ , എ.ഒ. കോട്ടയം ) മനോജ് കുമാർ പത്ര സംസാരിക്കുന്നു

ജനറൽ മാനേജർ ജോബി ജോസ് ഏറ്റവും കൂടുതൽ വർഷങ്ങൾ കോട്ടയം ജില്ലയിൽ പ്രവർത്തിക്കുവാൻ ഇടയായത് സൂചിപ്പിച്ചുകൊണ്ട്, ഈ സമ്മേളനത്തിൽ പങ്കെടുക്കുവാൻ സാധിച്ചതിലുള്ള സന്തോഷം പങ്കുവച്ചു .

സുദീർഘമായ തന്റെ പ്രസംഗത്തിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഇന്നത്തെ നിലയെക്കുറിച്ചും ബാങ്ക് ആവിഷ്കരിച്ചിരിക്കുന്ന വാട്ട്സ്ആപ്പ് ബാങ്കിംഗ് ഉൾപ്പെടെയുള്ള നൂതന സ്കീമുകളെ സംബന്ധിച്ചും വിശദീകരിച്ചു . ബാങ്കിന്റെ പുരോഗതിക്ക് വേണ്ടി പെൻഷനേഴ്സ് കൂടെ പ്രവർത്തിക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു.

മുഖ്യ പ്രഭാഷണം നടത്തിയ ഡി.ജി.എസ്.ഹെൻറി ജോൺ അംഗങ്ങളുടെ പൂർണ സാന്നിധ്യത്തിനും സഹകരണത്തിനും നന്ദി രേഖപ്പെടുത്തി. കെ . എൻ.വിശ്വനാഥൻ നായർ തന്റെ അധ്യക്ഷ പ്രസംഗത്തിലൂടെ ഇൻഷുറൻസ് പോളിസി , ലൈഫ് സർട്ടിഫിക്കേറ്റ് സമർപ്പിച്ചതിന്റെ ഉറപ്പുവരുത്തൽ, തുടങ്ങിയ കാര്യങ്ങൾ അംഗങ്ങളുടെ ശ്രദ്ധയിൽ പെടുത്തി.

ഏ.ജി.എസ്. രാജശേഖരൻ നായർ , ട്രഷറർ സി . പി. മാത്യു, മുൻ ഡി.ജി.എസ്. മാത്യു അടയ്ക്കാമുണ്ടക്കൽ,എന്നിവർ ആശംസകളർപ്പിച്ചു .



കോട്ടയം ജില്ലാ കേന്ദ്രത്തിന്റെ ആദരം ഏറ്റുവാങ്ങിയ ശേഷം സദസ്സിനെ അഭിസംബോധന ചെയ്ത് സംസാരിക്കുന്ന ചെന്നൈ ജനറൽ മാനേജർ ജോബി ജോസ്

പ്രോഗ്രാം കോർഡിനേറ്റർ ശ്രീമതി ത്രേസ്യാമ്മ ആന്റണിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച അതിഗംഭീരമായ ക്രിസ്മസ് ആഘോഷ പരിപാടികൾ സമ്മേളനത്തിന്റെ മുഖ്യ ആകർഷണം ആയിരുന്നു.



സദസ്യർക്കിടയിലൂടെ ക്രിസ്തുമസ് പാപ്പ

സാന്താക്ലോസ് ജിംഗിൾ ബെൽസ് ഗാനത്തിന്റെ അകമ്പടിയോടെ കടന്നുവന്നതു ആയിരുന്നു തുടക്കം . ഒരു ലഘു മാജിക് ഷോ നടത്തി പലർക്കും സമ്മാനങ്ങൾ നൽകിയതിന് ശേഷം തുടർന്നു നടന്ന എല്ലാ ഇനങ്ങൾക്കും അദ്ദേഹം പങ്കെടുക്കുകയും ചെയ്തു .



ക്രിസ്തുമസ് കരോൾ ഗാനം ആലപിക്കുന്ന എസ്ബിഐ പെൻഷനേർസ് അസോസിയേഷൻ കോട്ടയം ടീമംഗങ്ങൾ കൂടെ ക്രിസ്തുമസ് പാപ്പയും

യൂണിഫോം ധാരികളായ13 അംഗ ഗായക സംഘം അവതരിപ്പിച്ച 3 കരോൾ ഗാനങ്ങൾ ഏറെ ആനന്ദകരമായിരുന്നു . മറ്റു 6 അംഗങ്ങൾ ഒറ്റയ്ക്ക് ക്രിസ്തുമസ് - ന്യൂ ഇയർ ഗാനങ്ങൾ ആലപിച്ചതും സദസ്സ് ആസ്വദിച്ചു.

ഏറ്റവും അധികം അഭിനന്ദനം നേടിയ ഇനമായിരുന്നു ശ്രീ. T.K. സുരേഷ് സംവിധാനം നിർവഹിച്ചു അവതരിപ്പിച്ച ഒരു ബൈബിൾ സ്കിറ്റ്. യേശുവായി അഭിനയിച്ച ശ്രീ ജയിൻ എബ്രഹാമും സമറിയക്കാരി സ്ത്രീ ആയി വന്ന ശ്രീമതി സേതുവും കാണികളുടെ വലിയ പ്രശംസ നേടി. ജോയിന്റ് സെക്രട്ടറി ശ്രീ ബാലകൃഷ്ണൻ നായർ വി. ആർ. അവതരിപ്പിച്ച ബൈബിൾ ക്വിസും രസകരമായ അനുഭവമായി മാറി.
വൈസ് പ്രസിഡന്റ് എം. പി.പുഷ്കരൻ ഔദ്യോഗികമായ നന്ദി പ്രകാശനം നടത്തിയതോടെ ആഘോഷങ്ങൾക്ക് പരിസമാപ്തിയായി. വിവഭസമൃദ്ധമായ ക്രിസ്തുമസ് ലഞ്ചും ഉണ്ടായിരുന്നു.



സദസ്സ് ഒരു വീക്ഷണം

# പെൻഷനേഴ്സ് ഡേ ആചരണം

## തിരുവനന്തപുരത്തെ ഓഫീസിൽ




ജനറൽ സെക്രട്ടറി എ.ജയകുമാർ മുഖ്യാഥിതി ഡോ. .കെ.ആർ.എസ്. നായരെ പൊന്നാട അണിയിച്ച് ആദരിക്കുന്നു.

എസ്. ബി. ഐ പെൻഷനേഴ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ അസോസിയേഷൻ ഓഫീസിൽ ഡിസംബർ 17-ന് പെൻഷനേഴ്സ് ഡേ ആചരിച്ചു.

പ്രശസ്ത എഴുത്തുകാരനും, വാഗ്മിയും, HR വിദഗ്ദനും ഇപ്പോൾ ശാന്തിഗിരി ആശ്രമത്തിന്റെ ജനറൽ മാനേജരും ആയ ഡോ. KRS Nair ആയിരുന്നു മുഖ്യാഥിതി. വിരമിച്ച ജീവനക്കാർ എങ്ങിനെ മനസ്സും ശരീരവും ആത്മാവും ചേതനയും

പരിപാലിച്ച് ആരോഗ്യവാന്മാരായിരിക്കണം എന്നചിന്ത ലളിതമായി പങ്കുവച്ചു




മുഖ്യ പ്രഭാഷണം നടത്തുന്ന ഡോ.കെ.ആർ.എസ്. നായർ. വേദിയിൽ ഇടത്തുനിന്ന് ജില്ലാ സെക്രട്ടറി ജോസഫ് വി.എൽ , ജില്ലാ പ്രസിഡന്റ് എ. ആർ. സോമനാഥൻ പിള്ള, ജനറൽ സെക്രട്ടറി എ.ജയകുമാർ രക്ഷാധികാരി ജോൺ ജോസഫ്

## ഡിസംബർ 17-ന് പെൻഷനേഴ്സ് ഡേ

**പെൻഷൻകാരുടെ അവകാശങ്ങൾക്കും അന്തസ്സിനുമായി അക്ഷീണം പോരാടിയ മുൻനിരക്കാരനായ ഡി.എസ്. നകരയ്ക്കുള്ള ആദരാഞ്ജലിയാണ് വർഷം തോറും ഡിസംബർ 17-ന് ഇന്ത്യയിൽ പെൻഷനേഴ്സ് ദിനം ആചരിക്കുന്നത്. വിരമിച്ച ഉദ്യോഗസ്ഥർക്കും പെൻഷൻകാർക്കും തുല്യതയും നീതിയും ഉറപ്പുനൽകിയ 1982ലെ സുപ്രധാനമായ സുപ്രീം കോടതി വിധിയെ ഈ ദിനം അനുസ്മരിക്കുന്നു.**

ജനറൽ സെക്രട്ടറി എ.ജയകുമാർ SBI തിരുവനന്തപുരം ശാഖ ചീഫ് മാനേജർ ശിവകുമാർ വി. എന്നിവർ സന്ദേശം നൽകി. പ്രസിഡന്റ് എ. ആർ. സോമനാഥൻ പിള്ള അദ്ധ്യക്ഷത വഹിച്ചു. രക്ഷാ ധികാരി ജോൺ ജോസഫ് സ്വാഗതവും ജില്ലാ സെക്രട്ടറി ജോസഫ് വി.എൽ നന്ദിയും പ്രകാശിപ്പിച്ചു

## എല്ലാ പെൻഷൻകാർക്കും നീതി ലഭിക്കുന്നതിനായി വിരമിച്ച ശേഷം വീരോചിതമായി പോരാടിയ ഡി.എസ്.നക്കര



ഡി.എസ്.നക്കര

1982 ഡിസംബർ 17-ന് ചീഫ് ജസ്റ്റിസ് വൈ.ബി.ചന്ദ്രചൂഡ് അധ്യക്ഷനായ സുപ്രീം കോടതി ഡി.എസ്.നകരയുടെ കേസിൽ ചരിത്രപരമായ വിധി പ്രസ്താവിച്ചു. പെൻഷൻ ഒരു ജീവനക്കാരന്റെ അവകാശമാണെന്നും സർക്കാരിന്റെ ഔദാര്യമല്ലെന്നും വിധി പ്രസ്താവിക്കുകയും സ്ഥിരീകരിക്കുകയും ചെയ്തു. വിരമിക്കൽ തീയതിയുടെ അടിസ്ഥാനത്തിൽ പെൻഷൻ ആനുകൂല്യങ്ങൾ നീട്ടുന്നതിൽ വിവേചനം പാടില്ലെന്നും പ്രഖ്യാപിച്ചു. പെൻഷൻകാരുടെ 'മാഗ്ന കാർട്ട'യായാണ് വിധിയെ കണക്കാക്കുന്നത്. ഡിസംബർ 17 ദേശീയ പെൻഷനേഴ്സ് ദിനമായി ആചരിക്കുന്നു.

# എറണാകുളം ജില്ലാ കേന്ദ്രത്തിന്റെ

# ഭരണ സമിതി യോഗം

എറണാകുളം ജില്ലാ സെന്റർ ഏരിയ എക്സി. കമ്മിറ്റി അംഗങ്ങളുടെ യോഗം 13.12.2024 –ാം തീയതി നടന്നു. യോഗത്തിൽ വൈസ് പ്രസിഡന്റ് പി പി ഫ്രാൻസിസ് അധ്യക്ഷത വഹിച്ചു. അംഗങ്ങളെ അഭിസംബോധന ചെയ്ത് സെക്രട്ടറി സി.ജി. രാജഗോപാൽ സംസാരിച്ചു. തുടർന്ന് ഡിജിഎസ് ജോസഫ് പാലക്കൽ മുഖ്യ പ്രഭാഷണവും നടത്തി. എല്ലാ ഏരിയ കൺവീനർമാർക്കും സെക്രട്ടറിമാർക്കും അസോസിയേഷന്റെ മികച്ച പ്രവർത്തനത്തിനായി നടപ്പിലാക്കേണ്ട കർമ്മ പദ്ധതികളും അവതരിപ്പിച്ചു.



മുഖ്യ പ്രഭാഷണം നടത്തിയ ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ജോസഫ് പാലക്കൻ



ജില്ല അസി. ട്രഷററും ഇസി അംഗവുമായ ബീന കെ രവി എസ്ബിഐപിഎ കേരളയുടെ എറണാകുളം ജില്ലാ കേന്ദ്രത്തിന്റെ ലേഡി എജിഎസ് ടി.എം രാജലക്ഷ്മിയെ ഇസി യോഗത്തിൽ പൊന്നാട അണിയിച്ച് ആദരിച്ചപ്പോൾ.

# എറണാകുളം എ. ഓ.യിൽ ഗംഭീര ക്രിസ്തുമസ്സ് ആഘോഷം

എസ്.ബി.ഐ.യുടെ എറണാകുളം എ. ഓ.യിൽ ഗംഭീര ക്രിസ്തുമസ്സ് ആഘോഷം. ക്രിസ്തുമസ് ആഘോഷിച്ച് എസ്. ബി. ഐ പെൻഷനേഴ്സ് അസോസിയേഷനും അഡ്മിനിസ്ട്രേറ്റിവ് ഓഫിസ്സിൽ നടന്ന വിപുലമായ ആഘോഷത്തിൽ പങ്കെടുത്തു.



ക്രിസ്മസ് സന്തോഷത്തിന്റെയും സ്നേഹത്തിന്റെയും പ്രത്യാശയുടെയും ആഘോഷങ്ങൾ , ആണെന്നും എല്ലാവർക്കും ക്രിസ്മസ് ആശംസകൾ' നേരുന്നുവെന്നും ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ജോസഫ് പാലക്കൽ പറഞ്ഞു.



സംഘഗാനം അവതരിപ്പിക്കുന്നു

അസോസ്സിയേഷൻ അംഗങ്ങൾ ചേർന്ന് അവതരിപ്പിച്ച സംഘഗാനം ഏറെ ശ്രദ്ധേയമായി.




# വീണ്ടും കുതിച്ചുയർന്ന് സംസ്ഥാനത്ത് സ്വർണവില



ഒരാഴ്ചത്തെ ഇടിവിന് ശേഷം സ്വർണവില വീണ്ടും ഉയർന്നു. ഗ്രാമിന് 25 രൂപ കൂടി 7150 രൂപയായി. ഇതോടെ ഇന്ന് പവന് 57200 രൂപയായി. ഇന്നലെയും ഗ്രാമിന് 25 രൂപയാണ് കൂടിയത്. രാജ്യാന്തര സ്വർണവില വില ഇന്നലെ ഒരു ശതമാനത്തിനടുത്ത് ഉയർന്നതാണ് കേരളത്തിലും പ്രതിഫലിച്ചത്.

ഇന്നത്തെ പവന് വിലയ്ക്കൊപ്പം ഏറ്റവും കുറഞ്ഞത് അഞ്ച് ശതമാനം പണിക്കൂലി, സ്വര്ണത്തിനും പണിക്കൂലിക്കും മൂന്ന് ശതമാനം നികുതി, 45 രൂപ ഹാള്മാര്ക്ക് ചാര്ജ്, അതിന് 18 ശതമാനം നികുതി എന്നിവയും ചേര്ത്ത് കൃത്യമായി പറഞ്ഞാല് ഒരു പവൻ സ്വർണത്തിന് 61,915 രൂപ നല്കേണ്ടി വരും..

# പ്രധാന ഓഹരി സൂചികകളിൽ നേരിയ നഷ്ടം

ഈ കലണ്ടർ വർഷത്തെ അവസാന വ്യാപാര ആഴ്ചയിൽ, താരതമ്യേന ചെറിയ പരിധിക്കുള്ളിലായാണ് പ്രധാന ഓഹരി സൂചികകളുടെ വ്യാപാരം പൂർത്തിയാക്കിയത്. തുടർച്ചയായി രണ്ട് ദിവസം നേട്ടത്തിലായിരുന്നെങ്കിലും പ്രധാന ഓഹരി സൂചികകളിൽ നേരിയ നഷ്ടം രേഖപ്പെടുത്തിയാണ് കഴിഞ്ഞാഴ്ച കടന്നുപോകുന്നത്.



മിഡ് ക്യാപ് സൂചികയിലും നഷ്ടം നേരിട്ടു. എന്നാൽ സ്മോൾ ക്യാപ് സൂചികയാകട്ടെ ആഴ്ച കാലയളവിൽ നേരിയ നേട്ടം കരസ്ഥമാക്കിയാണ് വ്യാപാരം പൂർത്തിയാക്കിയത്.

ഫാർമ, ഓട്ടോമൊബീൽ, ഹെൽത്ത്കെയർ സെക്ടറുകളിൽ പോസിറ്റീവ് ട്രെൻഡ് പ്രകടമായി. മെറ്റൽ, പൊതുമേഖല ബാങ്ക്, ഓയിൽ വിഭാഗങ്ങളിൽ തിരിച്ചടി നേരിട്ടു. അതേസമയം പുതുവർഷത്തിലേക്ക് കടക്കുന്ന വരുന്നയാഴ്ചയെ നിക്ഷേപകരും ഏറെ പ്രതീക്ഷയോടെ ഉറ്റുനോക്കുകയാണ്. ഈയൊരു പശ്ചാത്തലത്തിൽ, സ്മോൾ ക്യാപ് വിഭാഗത്തിൽ നിന്നുള്ളതും നിലവിലെ വിപണി വില 100 രൂപ നിലവാരത്തിനും താഴെയുള്ളതുമായ ആറ് ഓഹരികളുടെ ഹ്രസ്വകാല നിക്ഷേപ സാധ്യതകൾ അറിയാം..

, വെള്ളിയാഴ്ച, ഡിസംബർ 27, 2024: ബെഞ്ച്മാർക്ക് ഇക്വിറ്റി സൂചികകൾ ആഴ്ചയിലെ അവസാന ട്രേഡിംഗ് സെഷൻ പോസിറ്റീവ് ടെറിട്ടറിയിൽ അവസാനിപ്പിച്ചു. 30-ഷെയർ സെൻസെക്സ് 226 പോയിന്റ് അഥവാ 0.29 ശതമാനം കൂടി 78,699.07 എന്ന നിലയിലെത്തി.

# ഡോളറിനെതിരേ രൂപയുടെ മൂല്യം ₹ 85 കടന്നു

## രൂപയ്ക്ക്കനത്ത തിരിച്ചടി

വിദേശനാണ്യ വിപണിയിൽ ഡോളറിനെതിരേ രൂപയുടെ മൂല്യത്തിൽ 2712.2024 വെള്ളിയാഴ്ച വ്യാപാരത്തിനിടെ റ്റെ വസംകൊണ്ട് 53 പൈസയുടെ ഇടിവ്. ഇതോടെ, രൂപയുടെ ഡോളർ മൂല്യം 65.80 എന്ന നിലയിലേക്ക് കൂപ്പുകുത്തി. ഏതാണ്ട് രണ്ടു വർഷത്തിനിടയിലെ ഏറ്റവും വലിയ ഒറ്റ ദിന ഇടിവാണിത്.




വെള്ളിയാഴ്ച പിന്നീട് ഇടിവിന്റെ പകുതിയിലേരെ തിരിച്ചു പിടിച്ച് 86.50 എന്ന നിലയിലാണ് ക്ലോസ് ചെയ്തു. അതായത് വ്യാഴാഴ്ചത്തെക്കാൾ 23 പൈ സയുടെ നഷ്ടം. രൂപയുടെ ഏറ്റവും താണ 2 ക്ലോസിങ് നിലവാരമാണ് ഇത്. മാസാവസാനം ആയതിനാൽ ഇറക്കുമതിക്കാർ വൻതോതിൽ ഡോളർ വാങ്ങിക്കൂട്ടുക യാണ്. ഇതാണ് രൂപയ്ക്ക് തിരിച്ചടിയായത്.യു.എസ്. ഫെഡ റൽ റിസർവ് നിരക്കു കുറയ്ക്കുന്നതിന്റെ വേഗം കുറയ്ക്കുമെന്ന സൂചന നൽകിയതിനു പിന്നാലെ ഡോളറിനെതിരേ രൂപയുടെ മൂല്യം വീണ്ടും ഇടിഞ്ഞു.




# സഞ്ജയ് മൽഹോത്ര ആർബിഐയുടെ പുതിയ ഗവർണർ



സഞ്ജയ് മൽഹോത്ര

ആർബിഐയുടെ പുതിയ ഗവർണറായി സഞ്ജയ് മൽഹോത്രയെ നിയമിച്ചു. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഗവർണറായി 2024 ഡിസംബർ 12 മുതൽ മൂന്ന് വർഷത്തേക്കാണ് നിയമനം. ശക്തികാന്തദാസിന്റെ കാലാവധി അവസാനിക്കാനിരിക്കെയാണ് സഞ്ജയ് മൽഹോത്രയെ നിയമിച്ചത്.

സഞ്ജയ് മൽഹോത്ര രാജസ്ഥാൻ കേഡറിൽ നിന്നുള്ള 1990 ബാച്ച് ഐഎഎസ് ഓഫീസറാണ്. കാൻപുരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നിന്ന് കംപ്യൂട്ടർ സയൻസിൽ എൻജിനീയറിങ് ബിരുദധാരിയാണ് മൽഹോത്ര.

യുഎസിലെ പ്രിൻസ്റ്റൺ യൂണിവേഴ്സിറ്റിയിൽ നിന്ന് പബ്ലിക് പോളിസിയിൽ ബിരുദാനന്തര ബിരുദവും നേടി. വൈദ്യുതി, ധനകാര്യം, നികുതി, വിവര സാങ്കേതിക വിദ്യ തുടങ്ങി വിവിധ വകുപ്പുകളിൽ പ്രവർത്തിച്ചു. 2018 ഡിസംബറിൽ ചുമതലയേറ്റ ശക്തികാന്ത ദാസ്, ബെനഗൽ രാമറാവുവിന്റെ ഏഴ് വർഷത്തെ കാലാവധിക്ക് ശേഷം ഏറ്റവും കൂടുതൽ കാലം ആർബിഐ ഗവർണറായി സേവനമനുഷ്ഠിച്ച ആളാണ്.

# സ്ഥാനമൊഴിയുമ്പോൾ വികാരഭരിനായി നന്ദി രേഖപ്പെടുത്തി ആർബിഐ ഗവർണർ ശക്തികാന്ത ദാസ്

റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (ആർബിഐ) ഗവർണർ ശക്തികാന്ത ദാസ് (ഡിസംബർ 10 ന- സ്ഥാനമൊഴിഞ്ഞു, ആർബിഐയുടെ 25-ാമത് ഗവർണറായി ആറ് വർഷത്തെ കാലാവധി അവസാനിക്കും.

ആർബിഐ ഗവർണറുടെ റോൾ തന്നെ ഭരമേൽപ്പിച്ചതിനും തന്റെ കാലയളവിലുടനീളം മാർഗനിർദേശവും പ്രോത്സാഹനവും നൽകിയതിനും പ്രധാനമന്ത്രി നരേന്ദ്ര മോദിയോട് ശ്രീ. ദാസ് നന്ദി പറഞ്ഞു. "ആർബിഐ ഗവർണർ എന്ന നിലയിൽ രാജ്യത്തെ സേവിക്കാൻ എനിക്ക് ഈ അവസരം നൽകിയതിന് ബഹുമാനപ്പെട്ട പ്രധാനമന്ത്രി നരേന്ദ്രമോദിയോട് അങ്ങേയറ്റം നന്ദിയുണ്ട്, അദ്ദേഹത്തിന്റെ മാർഗനിർദേശത്തിനും പ്രോത്സാഹനത്തിനും. അദ്ദേഹത്തിന്റെ ആശയങ്ങളിൽ നിന്നും ചിന്തകളിൽ നിന്നും ഒരുപാട് പ്രയോജനം ലഭിച്ചു," ശ്രീ. ദാസ് എഴുതി.



ശക്തികാന്ത ദാസ്

“ബഹുമാനപ്പെട്ട എഫ്എം നിർമ്മലാ സിതാരാമന്റെ നിരന്തരമായ പിന്തുണയ്ക്കും ഹൃദയംഗമമായ നന്ദി. സാമ്പത്തിക-നാണയ ഏകോപനം ഏറ്റവും മികച്ചതായിരുന്നു, കഴിഞ്ഞ ആറ് വർഷത്തിനിടയിൽ ഒന്നിലധികം വെല്ലുവിളികളെ നേരിടാൻ ഞങ്ങളെ സഹായിച്ചു,” ദാസ് എഴുതി.

# ഒരു ബിറ്റ് കോയിൻ വില $1.03 ലക്ഷം (87.87 ലക്ഷം രൂപ)

ബിറ്റ് കോയിൻ വില $1.03 ലക്ഷം (87.87 ലക്ഷം രൂപ)ക്രിപ്റ്റോ കറൻസിയായ ബിറ്റ് കോയിന്റെ വില 1,03,719 ഡോളറായി ഉയർന്ന് റെക്കോർഡിട്ടു. ആദ്യമായാണ് ഒരു ലക്ഷം ഡോളർ കടക്കുന്നത്. അമേരിക്കയിൽ ക്രിപ്പ്റ്റോ കറൻസിയുടെ നിയന്ത്രണവുമായി ബന്ധപ്പെ ട്ട് കൂടുതൽ വ്യക്തത കൈവരുന്ന തും അനുകൂലമായ വിപണിസാഹചര്യവും ഇ.ടി.എഫ്. സ്ഥാപനങ്ങൾ ബിറ്റ്കോയിൻ അംഗീകരിക്കാൻ തുടങ്ങുന്നതായുള്ള സൂചനകളുമാണ് വില ഉയരാൻ കാരണ മായിരിക്കുന്നത്. വിപണിയുടെ മൊത്തം വിപണി മൂല്യം 3.5 ലക്ഷം കോടി ഡോളർ കടന്നതായാണ് കണക്കാക്കുന്നത്.



## എന്താണ് ബിറ്റ്കോയിൻ ?

► ഭരണകൂടങ്ങളുടെ അംഗീകാരമോ നിയന്ത്രണമോ ഇല്ലാതെ ലോകം മുഴുവൻ ക്രയവിക്ര യം ചെയ്യുന്ന കറൻസികളാണ് ക്രിപ്റ്റോ കറൻസികൾ. വിവിധ തരം ക്രിപ്റ്റോ കറൻസികളിൽ ഏറ്റവും ജനപ്രിയമാണ് ബിറ്റ്കോ യിൻ

# കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215ന്റെ ഭരണ സമിതി യോഗം

കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘത്തിന്റെ ഭരണ സമിതി യോഗം 2024 ഡിസംബർ മാസം 13-ാം തിയതി വെള്ളിയാഴ്ച്ച രാവിലെ 11 മണിക്ക് പ്രസിഡന്റ് എം.ജി. രാഘവന്റെ അദ്ധ്യക്ഷതയിൽ കുമാരനല്ലൂർ ഓഫീസിൽ വച്ച് നടന്നു. താഴെ കൊടുത്തിരിക്കുന്ന ബോർഡ് മെംബേഴ്സ് പങ്കെടുത്തു.

1 പി.എം. ജേക്കബ്ബ്
2. മാത്യു അടയ്ക്കാമുണ്ടയ്ക്കൽ
3. എം.ജി. രാഘവൻ
4. ത്രേസ്യാമ്മ ആന്റണി
5. സിറിൽ ജോസ്.റ്റി.
6. എൻ.സി.മാത്യു

വൈസ് പ്രസിഡന്റ് മാത്യു അടയ്ക്കാമുണ്ടയ്ക്കൽ സംഘത്തിന്റെ പ്രവർത്തനങ്ങളെ പൊതുവെ വിലയിരുത്തുകയും സ്വാഗതം ആശംസിക്കുകയും ചെയ്തു.

അദ്ധ്യക്ഷൻ തന്റെ ഉപക്രമ പ്രസംഗത്തിൽ സംഘത്തിന്റെ വളർച്ചക്കാവശ്യമായ പുതിയ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് നിർദ്ദേശിച്ചു. അതിനായി പുതിയ ജി.ഡി.സി.എസ്, വായ്പ്പകൾ എന്നിവ തുടങ്ങുന്നത് ആലോചിക്കണമെന്ന് അദ്ദേഹം പറഞ്ഞു.

കഴിഞ്ഞ മാസത്തിലെ ഭരണ സമിതി യോഗത്തിന്റെ മിനിട്സ് സെക്രട്ടറി ത്രേസ്യാമ്മ ആന്റണിയും മാസാന്ത്യ കണക്കുകൾ ജോയിന്റ്..സെക്രട്ടറി സിറിൽ ജോസ്.റ്റി. യും യോഗത്തിൽ അവതരിപ്പിച്ചു. ചർച്ചകൾക്കും വിശദീകരണങ്ങൾക്കുമൊടുവിൽ റിപ്പോർട്ടും കണക്കും യോഗം അംഗീകരിച്ചു.

## എസ്.ബി.ഐ. കുമാരനല്ലൂർ ബ്രാഞ്ചിന്റെയും കോട്ടയം റീജിയണൽ ബിസ്സിനസ് ഓഫീസിന്റെയും കൂട്ടായ സന്ദർശനം



കുമാരനല്ലൂർ ബ്രാഞ്ച്, ആർ.ബി..ഒ സംയുക്ത സന്ദർശനം
. ശാഖാ മാനേജർ ഗിരിജ സംസാരിക്കുന്നു

ഭരണ സമിതി യോഗാനന്തരം എസ്.ബി.ഐ. കുമാരനല്ലൂർ ബ്രാഞ്ചിന്റെയും കോട്ടയം റീജിയണൽ ബിസ്സിനസ് ഓഫീസിന്റെയും കൂട്ടായ സന്ദർശനം നടത്തി. ശാഖാ മാനേജർ ഗിരിജ എല്ലാവർക്കും ക്രിസ്തുമസ്സ് പുതുവൽസരാശംകൾ നേർന്നു. ബോർഡ് അംഗങ്ങൾക്ക് 2025 വർഷത്തെ ഡയറികൾ നല്കി. ബാങ്കുമായുള്ള ഇടപാടുകൾ സംബന്ധിച്ചും ഡിജി റ്റൽ ഇടപാടുകൾ സംബന്ധിച്ചും നേരിടുന്ന പല പ്രശ്നങ്ങളും ആർ.ബി..ഒ ഓഫീസർമാരുമായി സൗഹാർദ്ദ പരമായ ചർച്ചകൾ നടന്നു. പ്രസിഡന്റ് എം.ജി. രാഘവൻ ഈ സംയുക്ത സന്ദർശനത്തിനും ആശംസകൾക്കും പ്രത്യേകം നന്ദി പ്രകാശിപ്പിച്ചു.

## ജി.ഡി.സി.എസ് കുറികളുടെ നറുക്കെടുപ്പ്

സൊസൈറ്റിയുടെ ജി.ഡി.സി.എസ് കുറികളുടെ 2024 ഡിസംബർ മാസത്തിലെ നറുക്കെടുപ്പ് 13-ാം തീയതി വെള്ളിയാഴ്ച്ച നടന്നു. ജി.ഡി.സി.എസ്. നറുക്കെടുപ്പിൽ വിജയികളായവരുടെ പേരു വിവരം സെക്രട്ടറി.ത്രേസ്യാമ്മ ആന്റണി യോഗത്തെ അറിയിച്ചു. നറുക്കെടുപ്പിൽ താഴെപ്പറയുന്നവർ ജേതാക്കളായി.

| ക്ര. നം. | ജി.ഡി. സി.എ സ്. നം. | സല (രൂപ) | | പേര് |
|---|---|---|---|---|
| 1 | XV | 100,000 | | തോമസ്.റ്റി.റ്റി |
| 2 | XVI | 100,000 | | ഈശോ ചെറിയാൻ |
| 3 | XVII | 100,000 | | കൊച്ചുറാണി മാത്യു |
| 4 | XVIII | 100,000 | | എൻ.സി.മാത്യു |
| 5 | XIX | 25,000 | | എം.ജി.രാഘവൻ |
| 6 | XX | 100,000 | | എം.കെ.ലൂക്ക |
| 7 | XXI | 100,000 | | .പി. ഉണ്ണിക്കുഞ്ഞ് |
| 8 | XXII | 100,000 | | വി.കെ.സിരിയക്ക് |
| 9 | XXIII | 100,000 | | ലീലാമണി.എം.പി. |
| 10 | XXIV | 50,000 | | കെ.കെ.പി.ജെയിംസ് |
| 11 | XXV | 50,000 | | കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം |

നറുക്ക് വീണത് പ്രകാരമുള്ള തുക 2025 ജനുവരി മാസം 10-ാം തിയതി കൊടുക്കുവാൻ തീരുമാനിച്ചു. ഭരണ സമിതി യോഗവും അന്നേ ദിവസം നടത്തുവാൻ തീരുമാനിച്ചു. ക്ലെയിം ഫോം സംഘത്തിൽ നിന്നും അയച്ചു തരുന്നതായിരിക്കും. അത് പൂരിപ്പിച്ച് ഒപ്പിട്ട് തിരിച്ചയച്ചു തരുക.

## പുതിയ അംഗങ്ങൾ

### എ ക്ലാസ്

"എ" ക്ലാസ്സ് അംഗത്വത്തിനുള്ള അപേക്ഷ ഇല്ലായിരന്നു.

### സി ക്ലാസ്സ്

ഇനിപ്പറയുന്നവർക്ക് 'സി' ക്ലാസ്സ് അംഗത്വം അനുവദിച്ചു.

1. ജോവാൻ സെബാസ്റ്റ്യൻ പുലിയുറുമ്പിൽ
2. യാസ്മിൻ മൊഹമ്മദ് സാഹിബ്, കോട്ടച്ചിറ

## വായ്പ്പാ അപേക്ഷകൾ

25000 രൂപായുടെ 2 വായ്പ്പകൾക്ക് പുതിയതായി അപേക്ഷ ലഭിച്ചത് പരിഗണിച്ച് മദ്ധ്യകാല വായ്പ്പ അനുവദിക്കാൻ തീരുമാനമായി.

## 25-ാമത്തെ 100,000 രൂപയുടെ ജി.ഡി.സി.എസ് കുറി ആരംഭിച്ചു

25-ാമത്തെ 100,000 രൂപായുടെ ജി.ഡി.സി.എസ് കുറി ആരംഭിക്കുന്ന വിവരം സന്തോഷപൂർവം അറിയിക്കുന്നു. ചേർന്നിട്ടുള്ളവരുടെ അക്കൗണ്ടിൽ നിന്നും ഡിസംബർ മാസം 28-ാം തിയതി മുതൽ 25 മാസം 4000 രൂപാ വീതം സ്റ്റാന്റിംഗ് ഇൻസ്ട്രക്ഷൻ പ്രകാരം പിടിച്ചു തുടങ്ങുന്നതാണ്. ചേർന്നവരുടെ ആദ്യത്തെ തവണയായ 4000 രൂപ 28- 12-2024ന് കുറവ് വരുമെന്ന് അറിയിക്കുന്നു .

## 26-ാമത്തെ 100,000 രൂപയുടെ ജി.ഡി.സി.എസ് കുറി ആരംഭിക്കുന്നു

100000 രൂപ സല വരുന്നതും മാസം 4000 രൂപാ വീതം 25 മാസം കൊണ്ട് തീരുന്ന പുതിയ ജി.ഡി.സി.എസ് കുറി ആരംഭിക്കുന്നു. അപേക്ഷയും സ്റ്റാന്റിങ്ങ് ഇൻസ്ട്രക്ഷനും തന്ന് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കുറച്ച് പേർക്ക് കൂടി ചേരുവാൻ അവസരമുണ്ട്. സെക്രട്ടറിയുമായി ബന്ധപ്പെട്ട് അപേക്ഷയും സ്റ്റാന്റിങ്ങ് ഇൻസ്ട്ര ക്ഷനും തന്ന് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.



സെക്രട്ടറി.ത്രേസ്യാമ്മ ആന്റണി
9446322416

# യാത്രാവിവരണം



## ബാലി
## ക്ഷേത്രങ്ങളുടെ ദ്വീപിൽ

ബി.സി.ഉണ്ണികൃഷ്ണൻ നായർ

ഭാഗം 2

### (മുൻ ലക്കത്തിൽ നിന്നും തുടർച്ച.......)

അടുത്ത ദിവസം രാവിലെ ഹോട്ടൽ റെസ്റ്റാറ്റന്റിൽ നിന്ന് പ്രഭാത ഭക്ഷണം കഴിച്ചു . വെജിറ്റേറിയൻസ് ആയതു കൊണ്ട് ബ്രെഡ് , ക്രോയ്സൻറ് , പഴങ്ങൾ, ഗ്രീൻ സാലഡ്, ഫ്രൂട്ട് ജ്യൂസ് തുടങ്ങിയവയിൽ ഒതുക്കി . 9 മണിക്ക് തന്നെ ബാലീ പര്യടനം തുടങ്ങി . 10 പേർക്ക് സുഖമായി സഞ്ചരിക്കാവുന്ന ഒരു ടൊയോട്ട വണ്ടിയാണ് ഏർപ്പാടാക്കിയിരുന്നത് .

ദൈവങ്ങളുടെ ദ്വീപെന്നാണ് ബാലിയുടെ വിശേഷണങ്ങളിലൊന്ന്. പർവതങ്ങളും ക്ഷേത്രങ്ങളും അതുമായി ബന്ധപ്പെട്ട ആചാരങ്ങളും ബാലി ജനതയുടെ ജീവിതത്തിന്റെ ഭാഗമാണ്. തനിമയാർന്ന പുരാതന ക്ഷേത്രങ്ങളെല്ലാം ഇവിടെ മനോഹരമായി സംരക്ഷിക്കപ്പെട്ടിരിക്കുന്നു. ഉത്സവങ്ങളുടെ നാട് കൂടിയാണ് ബാലി. അതിമനോഹരമായ ബീച്ചുകളും വിനോദസഞ്ചാര സംസ്കാരവും ഭക്ഷണവുമെല്ലാമാണ് സഞ്ചാരികളെ ആകർഷിക്കുന്ന മറ്റ് ഘടകങ്ങൾ..

## ബാലി ഒരു വലിയ വികേന്ദ്രീകൃത വസ്ത്രനിർമ്മാണ ശാല

ആദ്യം പോയത് തുണികളിൽ ചിത്ര കലകൾ ചെയ്യുന്ന കലാകാരന്മാരുടെ ഒരു കൂട്ടായ്മയിലേക്കാണ്. വെള്ളി കൊണ്ടുള്ള പണി, മരത്തിൽ കൊത്തുപണി, മൺപാത്ര നിർമ്മാണം, കല്ലുകൊണ്ടുള്ള ശില്പ കല, നല്ല നിറപ്പകിട്ടുള്ള തുണികളുടെ നെയ്ത്ത് എന്നിവയിൽ ലോകത്തിലെങ്ങും പേരുകേട്ട കരകൗശലവിദഗ്ദ്ധരാണ് ബാലിയിലെ ജനങ്ങൾ. എല്ലാ വീട്ടിലും നൂലു നൂൽക്കലും നെയ്ത്തും ഉണ്ട്;.





വീടുകളിൽ പടർന്നുകിടക്കുന്ന രണ്ടു ലക്ഷം തറികൾ കാരണം ബാലി ഒരു വലിയ വികേന്ദ്രീകൃത വസ്ത്ര നിർമ്മാണ ശാലയാണെന്നു പറയാം



വെള്ള തുണികളിൽ പെൻസിൽ സ്കെച്ച് ഇട്ടു അതിനുമുകളിൽ പശ ചേർത്ത മെഴുകുപയോഗിച്ചു ചിത്രങ്ങൾ വരയ്ക്കുന്ന കലാകാരന്മാരുടെ സൂക്ഷ്മത അത്ഭുതപ്പെടുത്തി .

അവിടെ നിന്ന് പുറപ്പെട്ടു പിന്നെ പോയത് സ്വർണം വെള്ളി ആഭരണങ്ങൾ ഉണ്ടാക്കുന്ന ഒരു സ്ഥലത്താണ്. കരകൗശല ശില്പകലകളിൽ നല്ല പ്രാവീണ്യം ഉള്ളവരാണ് അവിടത്തെ ജോലിക്കാർ. വിവിധ ഫാഷനുകളിൽ നിർമ്മിച്ച പുതുമയുള്ള വെള്ളി ആഭരണങ്ങൾ സഞ്ചാരികളുടെ ശ്രദ്ധ പിടിച്ചു പറ്റുന്നുണ്ട്.

## സ്വന്തം വെള്ളി ആഭരണങ്ങൾ

ബാലിയിലെ ഉബുദിൽ ആദ്യം മുതൽ സഞ്ചാരികളുടെ സ്വന്തം വെള്ളി ആഭരണങ്ങൾ നിർമ്മിക്കുന്നത് വളരെ രസകരമായ ഒരു കാഴ്ച്ചയായിരുന്നു! വർക്ക്ഷോപ്പ് നടത്തുന്ന ആളുകളുടെ സഹായത്തോടെ സ്വന്തം ഇഷ്ടം അനുസരിച്ച് ആഭരണങ്ങൾ രൂപകൽപ്പന ചെയ്യാനും ക്രാഫ്റ്റ് ചെയ്യാനും അവസരമുണ്ട്.



വെള്ളി ആഭരണങ്ങൾ



നമ്മുടെ നാട്ടിലെ തട്ടാന്മാരുടെ രീതികളും ഏറെ വ്യത്യസ്ഥമല്ലെന്ന് തോന്നി.. അതുകൊണ്ടു തന്നെ മലയാളികളായ ഞങ്ങൾക്ക് കാര്യമായ ആകർഷണം തോന്നിയില്ല .

## ബാലി സ്വിങ്

അടുത്ത സ്ഥലം ആയിരുന്നു ആദ്യത്തെ ടൂറിസ്റ്റ് അട്രാക്ഷൻ . ബാലി സ്വിങ് എന്ന് വിളിക്കുന്ന കൂറ്റൻ ഊഞ്ഞാലുകൾ ആണ് അവിടെ ഉണ്ടായിരുന്നത്. ബാലി സ്വിംഗിൽ 12 സിംഗിൾ സ്വിംഗുകൾ (10 മീറ്റർ മുതൽ 78 മീറ്റർ വരെ !!!), 9 മനോഹരമായ കൂടുകൾ, ഹെലികോപ്റ്റർ, കാടിനുള്ളിലെ ഹാർട്ട് റോക്ക്, താഴ്‌വരയ്ക്ക് മുകളിലുള്ള വലിയ കല്ല് എന്നിവ മലയിടുക്കിലെയും വെള്ളച്ചാട്ടത്തിലെയും അതിശയകരമായ കാഴ്ചയാണ്. സ്വിംഗിംഗ് സമയം പരിമിതമല്ല, ഉപയോഗത്തിന്റെ അളവും ഇല്ല.





ഒറ്റക്കും കൂട്ടായും ഇരിക്കാവുന്ന പല വലിപ്പത്തിലുള്ള ഊഞ്ഞാലുകൾ ഉണ്ടായിരുന്നു. രണ്ട് തെങ്ങുകളിൽ നിന്ന് വടം ഉപയോഗിച്ചു കെട്ടിയ ഊഞ്ഞാലാകൾ ആടുന്നത് ആഴമേറിയ കൊക്കയുടെമുകളിൽആണെന്നതാണ് സവിശേഷത, അരക്കു സുരക്ഷാ ബെൽറ്റ് ഇട്ടു അത് ഊഞ്ഞാലിലുള്ള കൊളുത്തിൽ ഘടിപ്പിച്ച ശേഷമാണ് തള്ളി വിടുന്നത്.



ഞങ്ങൾ ഒരു ഡബിൾ സ്വിങ്ങിൽ മാത്രമേ കയറിയുള്ളു . കൂടെയുള്ളവർ എല്ലാത്തിലും കയറി ശരിക്കും ആസ്വദിച്ചു. അവിടെ നിന്ന് നേരെ റെസ്റ്റാറ്റാന്റിൽ പോയി ഉച്ച ഭക്ഷണം കഴിച്ചു. അടുത്ത ഡെസ്റ്റിനേഷൻ ഏതാണ്ട് ഒന്നര മണിക്കൂർ യാത്ര ചെയ്തു ബത്തൂർ എന്ന മല മുകളിലേക്കായിരുന്നു

## ബത്തൂർ പർവ്വതം

ബാലിയിലെ ഏറ്റവും കൂടുതൽ വിനോദസഞ്ചാരികളെത്തുന്ന ബത്തൂർ പർവ്വതw സജീവ അഗ്നിപർവ്വതം ആണ്. ബത്തൂർ അഗ്നിപർവ്വതം , കഴിഞ്ഞ 20 വർഷത്തിന് മേലെ ആയി നിർജീവം ആണത്രേ .സമുദ്ര നിരപ്പിൽ നിന്ന് ഏതാണ്ട് 1200 മീറ്റർ മുകളിലാണ് ഇത് സ്ഥിതി ചെയ്യുന്നത് 2000-ൽ അവസാനമായി പൊട്ടിത്തെറിച്ച മൗണ്ട് ബത്തൂർ, ഉബുദിൽ നിന്ന് കാറിൽ ഒന്നര മണിക്കൂർ യാത്ര ചെയ്താൽ എത്താവുന്ന സ്ഥലമാണ്. ഇത് ഒരു പ്രശസ്തമായ കാൽനടയാത്ര സ്ഥലമാണ്. അതിരാവിലെ തന്നെ ഒരു മണിക്കൂർ ദൈർഘ്യമുള്ള മലകയറ്റം നടത്തിയാൽ സൂര്യോദയ സമയത്ത് കൊടുമുടിയിലെത്താം.

ബത്തൂരിലെ ആവി പറക്കുന്ന ഗർത്തത്തിന്റെ വരമ്പുകളും ലാവ ഫീൽഡുകളും ബത്തൂർ തടാകത്തിന് സമീപമുള്ള ഒരു ചൂടുള്ള നീരുറവയും തടാകവും, അഗ്നിപർവ്വതവും നല്ല കാഴ്ചകൾ സമ്മാനിച്ചു



ലേഖകൻ മൗണ്ട് ബത്തൂർ മല മുകളിൽ ഭാര്യയോടൊപ്പം

.അവിടെ നിന്ന് മടങ്ങും വഴി ചന്ദുസ് റെസ്ററൗറന്റിൽ നിന്ന് രാത്രി ഭക്ഷണവും കഴിച്ചു ഹോട്ടലിൽ തിരിച്ചെത്തി . അടുത്ത ദിവസം രാവിലെ 8 മണിക്ക് പുറപ്പെടാൻ തയ്യാറായിരിക്കുവാൻ പറഞ്ഞു വേദ ശുഭ രാത്രി നേർന്നു

**(തുടരും.....)**

## ചെറുകഥ

# തണുപ്പ്



**റൈസ ബീഗം**

അറിയാത്ത ഒരു നാട്ടിൽ ഏകയായി ഒരു ഫ്ലാറ്റിൽ തനിച്ച്. മകൻ ജോലിക്ക് പോയിരുന്നു. അവന്റെ കുടുംബം നാട്ടിലും. ചുറ്റുമുള്ള ഫ്ലാറ്റുകളിലെ ആരെയും അറിയില്ല. വിവിധ ഭാഷകൾ സംസാരിക്കുന്ന ആരുമായും കൂട്ടുകൂടാൻ ശ്രമിച്ചില്ല എന്ന് വേണം പറയുവാൻ.

രാവിലെ രണ്ടു മൂന്നു കോളുകൾ അങ്ങോട്ടു വിളിച്ചല്ലാതെ ഇങ്ങോട്ട് ആരും വിളിച്ചില്ല. അല്ല, ഒന്ന് രണ്ടു കോളുകൾ വന്നു. അത് പരസ്യക്കോളുകളാ യിരുന്നു. ആരും തന്നെപ്പറ്റി അന്വേഷിക്കാത്തത് എന്താ. എല്ലാവരും തിരക്കിലായിരിക്കും ഇവിടെയാണെങ്കിൽ വാട്സ്ആപ്പ് കോളുകൾ കിട്ടാറില്ല. ബോട്ടിമിൽ വിളിക്കണം. ഇന്നലെയല്ലേ അനിയ ന്റെ ഭാര്യ ദുബായിൽ നിന്നും വിളിച്ചത്. എങ്കിലും ഇന്നിത്രയും നേരമായിട്ടും ആരും ഇങ്ങോട്ട് വിളിച്ചില്ലല്ലോ എന്നോർക്കുമ്പോൾ മനസ്സിൽ അസ്വസ്ഥത പടരുന്നു.

ഒരുപക്ഷേ ഈ മൂടിക്കെട്ടിയ കാലാവസ്ഥ കൊണ്ടുമാകാം. രാത്രിയിൽ ഉറങ്ങാൻ കിടന്നപ്പോൾ എന്തൊക്കെയോ വലിയ ശബ്ദങ്ങൾ കേട്ടു. പുറത്ത് എവിടെയോ രാത്രിയിൽ കൺസ്ട്രക്ഷൻ പണികൾ നടക്കുന്നതാവാം എന്ന് കരുതി. ഇടയ്ക്കിടയ്ക്ക് വലിയ വലിയ ശബ്ദങ്ങളും കേട്ടു ഞെട്ടിയുണർന്നു. കുറച്ചുനേരം കണ്ണ് തുറന്നു കിടന്നു. പിന്നെയും ഉറക്കമായി.

രാവിലെ ഉണർന്നു പതിവുപോലെ അടുക്കള ജനാലയരുകിൽ വന്നു. അവിടെ നിന്നു നോക്കുമ്പോൾ വാനിൽ ഉദിച്ചുയരുന്ന സൂര്യനെ കാണാൻ നല്ല ഭംഗിയാണ്. ഇത്രയും ചുവപ്പ് നിറം സൂര്യനുണ്ടാവുമോ. ഓറഞ്ചും മഞ്ഞയും ചുവപ്പും ഇടകലർന്ന് തനിക്ക് ചുറ്റും പൊൻപ്രഭ വീശിക്കൊണ്ട് ഉദിച്ചുയരുന്ന സൂര്യൻ.. ഇന്ന് ആ സൂര്യനെ കാണാനാവുന്നില്ല. വാനം നിറയെ കാർമേഘവും മഞ്ഞും കൊണ്ട് മൂടിക്കിടക്കുന്നു. അടുത്തുള്ള കെട്ടിടങ്ങളും കാണാനില്ല. സൂക്ഷിച്ചു നോക്കിയപ്പോൾ മരങ്ങൾ ആകെ വല്ലാതെ കാറ്റിലാടുന്നു. അപ്പോഴാണ് മനസ്സിലായത് ഇന്നലെ കേട്ട ശബ്ദങ്ങൾ കാറ്റ് വന്നു കതകിൽ തട്ടിയപ്പോൾ ഉണ്ടായതാണെന്ന്.

കുറേ കഴിഞ്ഞു മഴ പെയ്തു. തണുപ്പേറിയപ്പോൾ ബ്ലാങ്കറ്റ് എടുത്തിട്ടു. അരമണിക്കൂർ കഴിഞ്ഞ് കാണും, മഴ മാറി. മറഞ്ഞുപോയ സൂര്യനെ പ്രകാശം പരത്തിക്കൊണ്ട് കാണാറായി. തന്റെ ജീവിതം പോലെ തന്നെ സങ്കടങ്ങൾ വരുമ്പോൾ മൂഡിയാവുകയും കൊച്ചുകൊച്ചു സന്തോഷങ്ങൾ വരുമ്പോൾ പ്രകാശമാനമാകുകയും ചെയ്യുന്ന മനസ്സ്.

തണുപ്പ്..വല്ലാത്തൊരു തണുപ്പ്..അവൾ പുതപ്പുകൊണ്ട് ഒന്നുകൂടി തലമുടിപ്പുതച്ചു കിടന്നു. തണുപ്പ് ഓരോ രോമകൂപത്തിൽ കൂടിയും കയറി, ഓരോ കോശങ്ങളെയും കടന്ന് അസ്ഥികളിൽ തുളച്ചു കയറി, ശരീരം മൊത്തമായും.. തണുപ്പ് അരിച്ചിറങ്ങുന്നു. അവൾ പത്തു ദിവസങ്ങളായി ഈ നാട്ടിൽ വന്നിട്ട്. ആദ്യത്തെ ആഴ്ചയിൽ നല്ല സുഖമായിരുന്നു. തണുപ്പുമില്ല, ചൂടുമില്ല. കിടന്നുറങ്ങാൻ നല്ല സുഖം. പങ്ക ചലിപ്പിക്കേണ്ട, എ സി വേണ്ട, പുതപ്പ് പോലും വേണ്ട. മൂന്നുദിവസം മുമ്പ് ഒരു ദിവസം ചെറിയൊരു മഴ പെയ്തു. അത് കഴിഞ്ഞ് തുടങ്ങിയതാണ് ഈ തണുപ്പ്. കാറ്റ് വന്നു കതകുകളിലും ജനാലകളിലും മുട്ടുമ്പോൾ ഉണ്ടാകുന്ന പട പട ശബ്ദം. എഴുന്നേറ്റ് പോയി ഒരു കട്ടൻ കാപ്പി കുടിക്കാൻ തോന്നുന്നുണ്ട്. കുറച്ച് നെയ്യും ഒഴിച്ച് കുടിച്ചാൽ നല്ല രസമായിരിക്കും. അതുമല്ലെങ്കിൽ പനിക്കൂർക്കിലയും തുളസിയിലയും ഇട്ട് കുറച്ചു ചൂടുവെള്ളം.. കഴിഞ്ഞ രാത്രിയിൽ പുറത്തു പോയി വരുമ്പോൾ ഗേറ്റിനടുത്ത് ഇടതൂർന്നു വളർന്നു നിൽക്കുന്ന പനിക്കൂർക്കച്ചെടിയിൽ നിന്നും അഞ്ചാറില പൊട്ടിച്ചു കൊണ്ടുവന്ന് മേശപ്പുറത്ത് വച്ചിട്ടുണ്ട്. പക്ഷേ ഏതിനും കിടക്കയിൽ നിന്നും എഴുന്നേൽക്കണ്ടേ. പുതപ്പിനിടയിൽ ഓരോന്നോർത്തു സ്വപ്നം കണ്ട് കിടക്കാൻ നല്ല രസം.



ഇന്നലെ പുറത്തു പോയപ്പോൾ ഒരത്ഭുതം സംഭവിച്ചു. ആ ഓർമ്മകളിലേക്ക് പരതിയിറങ്ങി..തലേന്ന് മകനുമൊത്തു വെളിയിൽ ചുറ്റിക്കറങ്ങി. ഒരു സിനിമക്ക് ടിക്കറ്റ് കിട്ടുമോന്നറിയില്ല, നോക്കാം എന്നു കരുതി, മാളിലെ തീയേറ്ററിൽ ടിക്കറ്റ് കൗണ്ടറിനു നേരെ നടന്നു. വിശാലമായ മാൾ.. എല്ലാ സാധനങ്ങളും വിൽക്കുന്ന കടകൾ കാണാം. കൊച്ചുടുപ്പുകൾ മുതൽ വലിയവരുടെ വസ്ത്രങ്ങൾ വരെ തൂക്കിയിട്ടിരിക്കുന്നത് കാണാൻ നല്ല രസം. ഒരു ഭാഗത്തു ബാഗുകളും ചെരുപ്പുകളും വിൽക്കുന്ന കടകൾ. കളിപ്പാട്ടങ്ങൾ, അലങ്കാരസാധനങ്ങൾ, സ്വർണ്ണക്കടകൾ, ഫാർമസി, ഒരു ഭാഗത്തു സൂപ്പർമാർക്കറ്റ് കാണാം. അവിടെ ഇല്ലാത്ത സാധനങ്ങൾ ഒന്നുമില്ല.

പല ഭാഷക്കാർ, ദേശക്കാർ, അവരവർക്കാവശ്യമുള്ള സാധനങ്ങൾ ട്രോളികളിലാക്കി ഉന്തിക്കൊണ്ട് പോകുന്നു. തിയേറ്ററിലേക്ക് ലിഫ്റ്റ് ഇറങ്ങി നടന്നപ്പോഴാണ് അവരെ കണ്ടത്. ദമ്പതികൾ. അയാൾക്ക് 45 വയസ്സ് തോന്നും. അവർക്കു നാല്പതും. കണ്ടപ്പോഴേ അവർ ചിരിച്ച മുഖത്തോടെ ഒന്ന് നോക്കി. അയാളുടെ മുഖത്തും ഒരു പൊടി മന്ദസ്മിതം ഉണ്ട്. വെളുത്തു കുറച്ചു വലിപ്പമുള്ള മുഖം. ചെറുതായിട്ട് ചുരുണ്ട സമൃദ്ധമായ മുടി. ടിക്കറ്റ് കൗണ്ടറിൽ ആളില്ല. സിനിമ തുടങ്ങാൻ ഇനി 20 മിനിറ്റ് കൂടിയുണ്ട് ടിക്കറ്റ് കിട്ടുമോ ഇല്ലയോ എന്ന് വേവലാതിപ്പെട്ടാണ് എത്തിയത്. മകൻ കൗണ്ടറിൽ ഇരിക്കുന്ന ആളെ അന്വേഷിച്ചുപോയി. ഇതിനിടെ നേരത്തെ കണ്ട ആ രണ്ടുപേരും കൗണ്ടറിനടുത്തേക്ക് എത്തി. അപ്പോഴും അവരൊന്നു ചിരിച്ചു. ഞാനും മറുചിരി പാസ്സാക്കി. മകൻ കൗണ്ടറിയിലിരിക്കേണ്ട ആളെയും കൊണ്ടു വന്നു. അവർ ആദ്യം ടിക്കറ്റ് എടുത്തു. നമ്മൾക്കുവേണ്ടി നോക്കിവെച്ച സീറ്റുകളാണ് അവർ സെലക്ട് ചെയ്തതെന്ന് മകൻ പറഞ്ഞു. അതേറ്റവും മുകളിലായിരുന്നു. ഞങ്ങൾക്ക് നടുഭാഗത്തു സീറ്റുകൾ കിട്ടുകയും ചെയ്തു.

9. 20 നാണ് സിനിമ തുടങ്ങുന്നത്. 9.10 ആയിട്ടേ തിയേറ്ററിൽ കയറാവൂ എന്ന് അവിടെ നിന്നെയാൾ നിർദ്ദേശിച്ച തനുസരിച്ചു ഞങ്ങൾ പുറത്ത് വെറുതെ നടന്നു. കുറച്ചു ഫോട്ടോസ് ഒക്കെ എടുത്തു. ഒരു മൂലയ്ക്ക് ഹൾക്കിന്റെ ഒരു കൂറ്റൻ പ്രതിമ. പിന്നെ കുറച്ച് നടന്നപ്പോൾ ക്യാപ്റ്റൻ അമേരിക്കയും ബ്ലാക്ക് തണ്ടറും അയൺ മാനും ഒക്കെ ഒരുമിച്ച് നിൽക്കുന്നു. ഇത് കണ്ടാൽ തന്റെ കൊച്ചു മക്കൾക്ക് എത്ര സന്തോഷമായിരിക്കുംഎന്നോർത്തു. അവിടെ നിന്നും സെൽഫിയും അല്ലാതെയും ഒക്കെയുള്ള ഫോട്ടോസ് എടുത്തു ഫാമിലി ഗ്രൂപ്പിൽ ഇട്ടു. അവരും ഫോട്ടോസ് ഒക്കെ എടുക്കുന്നത് കണ്ടു.

സമയം കളയാൻ അങ്ങോട്ടുമിങ്ങോട്ടും ഉലാത്തു ന്നതിനിടയിൽ അവരും മുന്നിലൂടെ നടന്നു വന്നു. പിന്നെയും ചിരിച്ചു. വർത്തമാനം പറയണം എന്ന് തോന്നി. പക്ഷേ ഒരു പരിചയവും ഇല്ലാതെ എങ്ങനെയാ മിണ്ടുക. സിനിമകഴിഞ്ഞ് പുറത്തിറങ്ങി അവർ വേറെ വഴി പോയി. ഇന്നലെ പകൽ എന്തോ അവരുടെ മുഖം ഓർമ്മ വന്നു. പരിചയപ്പെടാമായിരുന്നു എന്ന് തോന്നി. ഇനി ഒരുപക്ഷേ എവിടെയെങ്കിലും വെച്ച് കണ്ടുമുട്ടു മ്പോൾ തീർച്ചയായും സംസാരിക്കണം എന്നും കരുതി.

വൈകുന്നേരം ജോലികഴിഞ്ഞ് എത്തുമ്പോൾ സാധനം വാങ്ങി വരാമെന്ന് പറഞ്ഞിരുന്നു മകൻ. പക്ഷേ ഓഫീസിൽ നിന്ന് ഇറങ്ങാൻ നേരം വിളിച്ചിട്ട് പറഞ്ഞു, "അമ്മച്ചിക്ക് പുറത്തു പോകണമെങ്കിൽ ഞാൻ വന്നിട്ട് പോകാം." പുറത്തിറങ്ങാൻ മടി തോന്നിയെങ്കിലും ഓക്കേ പറഞ്ഞു. സാധാരണ ലുലുമാളിലാണ് പോകുന്നത്. എന്തോ ഞാൻ തന്നെ പറഞ്ഞു നമുക്ക് നെസ്ടോയിൽ പോയി നോക്കാം. മീൻ വല്ലതും കിട്ടുമെങ്കിൽ വാങ്ങാമെന്ന്. കാർ പാർക്കിങ്ങിലിട്ടശേഷം മാളിലെ വാതിൽ കടന്ന് പ്രവേശിച്ചപ്പോൾ അത്ഭുതം എന്ന് പറയട്ടെ നേരത്തെ സിനിമയ്ക്ക് പോയപ്പോൾ കണ്ടവർ രണ്ടുപേരും മുമ്പിൽ. അവരുടെ മുഖത്തും ചിരി പടർന്നപ്പോൾ അറിയാതെ ചോദിച്ചു പോയി, ഇന്നലെ സിനിമ തിയേറ്ററിൽ കണ്ടവരല്ലേ എന്ന്. പിന്നെ ആ 10 മിനിറ്റുകൾ ചിരകാല പരിചിതരെ പോലെ ഒരുപാട് വിശേഷങ്ങൾ പരസ്പരം പറയുകയും ചോദിച്ചറി യുകയും ചെയ്തു. ഏതോ ഒരു നിമിത്തം പോലെ. ഒരു പരിചയവും ഇല്ലാതിരുന്ന രണ്ട് പേർ ഹൃദയത്തിൽ എവിടെയോ സ്ഥാനം ഉറപ്പിച്ചു.

കടുംകാപ്പിയുടെ ചിന്ത മനസ്സിൽ നിന്നും മാറ്റി ഇടയ്ക്ക് പനിക്കൂർക്കയില ഇട്ടു വെള്ളം തിളപ്പിച്ച് കുടിക്കാൻ മനസ്സില്ലാമനസ്സോടെ കിടക്കയിൽ നിന്ന് എഴുന്നേറ്റു. ചൂടുവെള്ളം കുടിച്ചു കൊണ്ടിരുന്നപ്പോൾ, വെള്ളത്തി ന്റെ കൂടെ ഗ്ലാസ്സിലേക്ക് വീണ പനിക്കൂർക്കയില ചുണ്ടുകൾക്കിടയിൽ തടഞ്ഞത് വായിലാക്കി പതുക്കെ ചവച്ച് തിന്നു. പനി വരുമ്പോൾ അമ്മച്ചി പനിക്കൂർ ക്കിലയും തുളസിയിലയും പിഴിഞ്ഞ് നീര് കുടിപ്പിക്കുന്ന പഴയ ഒരു ഓർമ്മ. അടുക്കളത്തിരക്കിൽ എല്ലായിടത്തും ഓടിയെത്തുന്ന അമ്മച്ചിയുടെ ഗൗരവമുള്ള മുഖം.

ബാല്യത്തിൽ അമ്മച്ചിയുടെ ചിരി മുഖം അപൂർവ്വമായേ ഓർക്കുന്നുള്ളു.. ഈ തണുപ്പിൽ വീണ്ടും ചൂടുള്ള ബാല്യ കാല ഓർമ്മകൾ മനസ്സിൽ വന്നു തിങ്ങി നിറയുകയായി. പുതപ്പു ഒന്നുകൂടി വലിച്ചു തലയിലേക്കിട്ടുമൂടിപ്പുതച്ചു തണുപ്പിലേക്കിറങ്ങി കിടന്നു.

# നർമ്മ വീഥി


Fitted the net at the front to prevent conceding goals....


കബളിപ്പിക്കപ്പെടാനും ധന നഷ്ടത്തിനും സാധ്യത.
നിങ്ങൾടെ മുന്നിൽ കൈ നീട്ടിയപ്പഴേ തോന്നി.


നാടുകാണിക്കാമെന്ന് പറഞ്ഞ് കൂടെ കൂട്ടിയതാ .
ഇതിപ്പോൾ ആകാശം മാത്രമെ കാണുന്നുള്ളൂ


സ്ത്രീകളുടെ ഒരു കൂട്ടായ്മ യാണ് ലക്ഷ്യം
ഓ, എനിക്ക് 'ആന്നായ്മ' യിലാണ് താല്പര്യം..!




'Are you aware that you can now do all of this online?'




# കൗതുക വാർത്തകൾ

## ത്വക്ക് ക്യാൻസറിനെ ചികിത്സിക്കാൻ സോപ്പ്

ടൈമിന്റെ 2024-ലെ കിഡ് ഓഫ് ദി ഇയർ ആണ് ഹേമാൻ ബെക്കെലെ. 15-കാരൻ ത്വക്ക് ക്യാൻസറിനെ ചികിത്സിക്കാൻ സഹായിക്കുന്ന ഒരു സോപ്പിനായുള്ള ആശയം കൊണ്ടു വന്നു, തന്റെ ആശയം പരിശോധിക്കുന്നതിനായി അദ്ദേഹം ഇതിനകം ശാസ്ത്രജ്ഞരുമായി പ്രവർത്തിക്കുന്നു.



എത്യോപ്യയിൽ നിന്ന് നാല് വയസ്സുള്ളപ്പോഴാണ് ഹേമന്റെ കുടുംബം അമേരിക്കയിലെത്തിയത്. ചർമ്മം സംരക്ഷിക്കാതെ പുറത്ത് വെയിലത്ത് ജോലി ചെയ്യുന്നവരെ അവിടെ കണ്ടത് ഹേമാൻ ഓർക്കുന്നു. അവന്റെ മാതാപിതാക്കളിൽ നിന്ന്, അവൻ ക്യാൻസറിനെക്കുറിച്ച് പഠിച്ചു, ആളുകൾ അവരുടെ ചർമ്മത്തെ സൂര്യനിൽ നിന്ന് സംരക്ഷിക്കുന്നത് എത്ര പ്രധാനമാണ്. സ്കിൻ ക്യാൻസർ ഭേദമാക്കാം, പക്ഷേ ചികിത്സ വളരെ ചെലവേറിയതാണ്.



വ്യത്യസ്ത ദ്രാവകങ്ങൾ ഒരുമിച്ച് കലർത്തിയാണ് യുവാവായ ഹേമാൻ പരീക്ഷണം നടത്തിയത്. സ്കിൻ

ക്യാൻസറിനെ ചെറുക്കാൻ സഹായിക്കുന്ന 'ഇമികിമോഡ്' എന്ന മരുന്നിനെക്കുറിച്ച് അദ്ദേഹം പഠിച്ചു. സ്കിൻ ക്യാൻസറിന്റെ പ്രാരംഭ ഘട്ടത്തിൽ, സുഖപ്പെടുത്താൻ എളുപ്പമായിരിക്കുമ്പോൾ ഇത് ആളുകളിൽ എത്തണമെന്ന് ഹേമന് അറിയാമായിരുന്നു. മരുന്ന് എത്തിക്കാനുള്ള നല്ല മാർഗം ഒരു സോപ്പിലൂടെ ആയിരിക്കാമെന്ന് അദ്ദേഹം കരുതി.

എന്നാൽ സോപ്പുമായി ഇമികിമോഡ് കലർത്തുന്നത് ഫലപ്രദമായി പ്രവർത്തിക്കില്ല. മരുന്ന് വെറുതെ കഴുകി കളയുന്നു. അതിനാൽ, വ്യത്യസ്തമായ ഒരു സോപ്പ് ഉണ്ടാക്കുന്നതിനെ ക്കുറിച്ച് അദ്ദേഹം ചിന്തിച്ചു

സൂപ്പർ ടൈനി നാനോപാർട്ടിക്കിളുകൾക്കുള്ളിൽ ഇമികിമോഡ് മരുന്ന് അടക്കം ചെയ്താൽ സോപ്പ് ഉപയോഗിച്ച് കഴുകിയ ശേഷം ചർമ്മത്തിൽ പറ്റിപ്പിടിച്ച് ഇരിക്കുകയും ക്യാൻസരിനെതിരെ പ്രവർത്തിക്കകയും ചെയ്യും.

കഴിഞ്ഞ വർഷം, ഹേമാൻ തന്റെ ആശയം വിശദീകരിക്കുന്ന ഒരു വീഡിയോ സൃഷ്ടിക്കുകയും അത് 3M യംഗ് സയന്റിസ്റ്റ് ചലഞ്ചിൽ പ്രവേശിക്കാൻ ഉപയോഗിക്കുകയും ചെയ്തു. $25,000 സമ്മാനം ലഭിച്ച മത്സരത്തിൽ അദ്ദേഹം വിജയിച്ചു.

ജോൺസ് ഹോപ്കിൻസ് സർവകലാശാലയിലെ ശാസ്ത്രജ്ഞനായ വിറ്റോ റെബേക്കയ്ക്കൊപ്പം ഹേമാൻ പ്രവർത്തിക്കുന്നു. പദ്ധതി ഇപ്പോഴും പ്രാരംഭ ഘട്ടത്തിലാണ്, പക്ഷേ ഹേമാൻ ഇതിനകം കുറച്ച് സോപ്പ് നിർമ്മിച്ചു കഴിഞ്ഞു.

# 'ആംബർ' പ്രകൃതിയുടെ ടൈം ക്യാപ്സ്യൂൾ

'ആംബർ (Amber) ഒരുതരം മരക്കായാണ്. ഷട്പദങ്ങളുൾപ്പെടെയുള്ള ചരിത്രാതീതജീവികൾ ആംബറിൽ കുടുങ്ങിയ നിലയിൽ കണ്ടെത്തിയിട്ടുണ്ട്. ആഭരണനിർമ്മാണത്തിനും പുരാതന കാലംമുതൽ ആംബർ ഉപയോഗിക്കുന്നു. ഭൂതകാലത്ത ഉള്ളിൽ സൂക്ഷിക്കുന്ന പ്രകൃതിയുടെ ഒടൈം ക്യാപ്സ്യൂളു കളാണ് ആംബറുകൾ.



ആഭരണങ്ങളും മറ്റ് അലങ്കാര വസ്തുക്കളും നിർമ്മിയ്ക്കാൻ ഉപയോഗിക്കുന്ന ആംബർ,

## മരക്കറയുടെ പരിണാമം

പൈൻ, ദേവദാരു മുതലായവ ഉൾക്കൊള്ളുന്ന വൃക്ഷവർഗമാണ് കോണിഫെറസ്. പൈനേസി എന്ന സസ്യകുടുംബത്തിൽപ്പെട്ട ഈ വൃക്ഷങ്ങൾ കറ ചുരത്താറുണ്ട് ഈ മരകറ യിൽ ഷട്പദങ്ങൾ സസ്യഭാഗങ്ങൾ തുടങ്ങി വായു കുമിളകൾവരെ കുടുങ്ങിയേക്കാം. പിന്നീട് ഉണങ്ങി മരത്തിൽനിന്ന് വേർപെട്ടു വീഴും വെള്ളത്തിന്റെ ഒഴുക്കിലും മറ്റും പെട്ട് അത് ദൂരസ്ഥലങ്ങളിലെത്തുന്നു. ആംബർ,

വാതകമാകാൻ ശേഷിയുള്ള എണ്ണകൾ, അമ്ലങ്ങൾ. സുഗന്ധമുള്ള ടെർപ്പീനുകൾ എന്നിവയൊക്കെ മരക്കറയി ലടങ്ങിയിട്ടുണ്ടാവും. ഈ ഘടകങ്ങൾ ക്രമേണ ബാഷ്പീകരണത്തിന് വിധേയമാവുകയും മരക്കറ ദൃഢമാവുകയും ചെയ്യും . മണ്ണിലടിയുന്ന അവ മർദവും ചൂടുമൊക്കെയേറ്റ് പരുവപ്പെടുന്നു ലക്ഷക്കണക്കിന് വർഷങ്ങൾ നീറ്റുന്ന 'ഫോസിലീകരണം' Fossilization) എന്ന പരിണാമത്തിനിടയിൽ അവയിൽ പോളി എറൈസേഷനും സംഭവിക്കും. ഒടുവിൽ മരക്കറ സുതാര്യവും കുടുങ്ങിക്കിടക്കുന്ന ജൈവവസ്തുക്കളെ കേടാകാതെ സംരക്ഷിക്കാനുള്ള കഴിവുമുള്ള 'ആംബറാ'യി മാറുന്നു.

## ജീവികളുടെ ക്രിസ്റ്റൽ കല്ലറ

ആംബറിൽ കുടുങ്ങിക്കിടക്കുന്ന ജീവികൾ ചരിത്രാതീതകാ ജൈവവൈവിധ്യത്തെക്കുറിച്ച് വിലപ്പെട്ട സൂചനകൾ നൽകുന്നു. ആംബറുകളിൽനിന്ന് കണ്ടെത്തിയവയിൽ ഷട്പദങ്ങൾ മാത്രല്ലേ. ഫംഗസ്, അമീബ ആൽഗ തുടങ്ങിയ തഷ്മജീവികളും ഇഴജന്തുക്കളും ഉഴജീവികളും വലിയ കേകളുടെ ശരീരഭാഗങ്ങളും സസ്യഭാഗങ്ങളും ഉൾപ്പെടുന്നു 1300-ലേറെ പുരാതന സ്പീഷീസുകളെ ശാസ്ത്രജ്ഞർ ആംബറുകളിൽ ഇതിനകം കണ്ടെത്തിയിട്ടുണ്ട്.



നിരവധി ജൈവ വൈവിധ്യങ്ങൾ അടങ്ങിയ ഒരു ആംബർ പെൻഡൻന്റ്

## പഴക്കമേറെ



ആംബറുകൾ ഇന്ത്യയിൽ ആദ്യമായി കണ്ടെടുത്തത് ഗുജറാത്തിൽ നിന്നാണ്, 2005 ൽ പശ്ചിമേന്ത്യയാണ് ആംബറുകൾ കൂടുതലായുള്ള പ്രദേശം മൂന്നുകോടി വർഷത്തിനും ഒൻപതു കോടി വർഷത്തിനുമിടയ്ക്ക് പഴക്കമുള്ളവയാണ് ആംബറുകളിൽ നല്ലപങ്കും

# വായനക്കാർ എഴുതുന്നു




## മനുഷ്യർ കുറയുന്നു.. മൃഗങ്ങൾ കൂടുന്നു...

മുറ്റത്തും പറമ്പിലും കോൽ പന്ത് കളിക്കാനും ഉണ്ടയിട്ടോടാനും മനുഷ്യ കുഞ്ഞുങ്ങൾ തുലോം കുറവ്.

പക്ഷേ, വിവിധ മൃഗജീവികളും അവയുടെ കുഞ്ഞുങ്ങളും രാത്രിയിലും പകലും ഒരുപോലെ മനുഷ്യന്റെ അടുക്കളയിൽ പോലും കയറുന്നു.!
തൊട്ടടുത്ത അയൽവീട്ടുകാരെ ഇന്ന് പ്രഭാതത്തിൽ വിളിച്ചുണർത്തിയത് ഒരു കുറുക്കനും കുഞ്ഞുമായിരുന്നു..!
വിരണ്ട കോഴികൾ വലിയ ആരവമുണ്ടാക്കിയത് വീട്ടുകാരുടെ ഉറക്കം കെടുത്തി.
ഈ നില തുടർന്നാൽ നാട്ടിൽ മനുഷ്യർ അപൂർവ ജീവിയാകും, വളർത്തു മൃഗങ്ങൾ ഇല്ലാതെയാവും, ഇഴജന്തുക്കൾ പെരുകും, നാടെല്ലാം മേടാവും. വഴി ചോദിക്കാൻ പോലും മനുഷ്യർ റോഡിൽ/പുറത്തില്ല.

പണ്ട്, നല്ല കൃഷിപ്പറമ്പായിരുന്ന പുരയിടങ്ങൾ, ഇപ്പോൾ ചെറുകാട്ടുജീവികൾക്കും പാമ്പുകൾക്കും നല്ല സുഖപ്പൊറുതിയൊരുക്കി പള്ള പിടിച്ചു കിടക്കുന്നു. പേടിച്ചിട്ടു അവിടെ കാലെടുത്തു ചവിട്ടാൻ പറ്റുകയില്ല.

'..... കടൽ പറ്റി കരയാവും കര പിന്നെ കടലാവും....' ജീവിത കഥയിതു തുടരും...... എങ്ങനെ? ഇങ്ങനെ തന്നെ..!



**പി.പി.ഫിലിപ്പ്**

## 2024 ഡിസംബറിൽ വിരമിക്കുന്നവർ

1. **രമാദേവി.റ്റി.എസ്. എം.ജി.റോഡ് ശാഖ ഏറണാകുളം**
2. **രഘു.കെ.ആർ. ചേർത്തല ആലപ്പുഴ**
3. **ജോർജ്ജ് ജോസഫ് അസോസ്സിയേറ്റ് പെരുമ്പാവൂർ ടൗൺ**
4. **റോയി.സി.ജെ. ചീഫ് മാനേജർ, ആർ.എ.സി.പി.സി. എറണാകുളം**
5. **അരുണ ജി. ഡെപ്യൂട്ടി മാനേജർ. ആർ.എ.സി.പി.സി. എറണാകുളം**
6. **വിനിത കർത്ത, ചീഫ് അസ്സോസിയേറ്റ്, രവിപുരം ശാഖ, എറണാകുളം**
7. **ജോൺസൺ പോൾ, ഡെപ്യൂട്ടി മാനേജർ. മണക്കാട് ജംഗ്ഷൻ ബ്രാഞ്ച്, തൊടുപുഴ, ഇടുക്കി**
8. **ശാന്തി എസ് ചീഫ് അസോസിയേറ്റ്, എൻആർഐ ശാഖ, കോട്ടയം**
9. **ജോസഫ് കെ തോമസ്, ഡെപ്യൂട്ടി മാനേജർ. പുതുപ്പള്ളി ശാഖ, കോട്ടയം**
10. **വിമല കുമാരി എം.ജി, അസിസ്റ്റന്റ് ജനറൽ മാനേജർ , എസ്.എം.ഇ.സി.സി. കോട്ടയം**
11. **രഘുനന്ദനൻ കെ മേനോൻ ചീഫ് മാനേജർ ലോക്കൽ ഹെഡ് ഓഫീസ് കേരള ഓഫീസ് തിരുവനന്തപുരം**
12. **ഉഷാ കുമാരി എസ്.ജി ചീഫ് അസോസിയേറ്റ്, എൻആർഐ ബ്രാഞ്ച് ആറ്റിങ്ങൽ, തിരുവനന്തപുരം**

13. **സുനിൽ രാമകൃഷ്ണൻ കടവിൽ, ഡെപ്യൂട്ടി മാനേജർ. അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് തൃശൂർ**
14. **രാധാകൃഷ്ണ രവീന്ദ്രനാഥൻ ചീഫ് മാനേജർ, റാസ്മെക്ക്, (RASMECC), തൃശ്ശൂർ**
15. **വനജ പികെ ഡെപ്യൂട്ടി മാനേജർ. റാസ്മെക്ക്, (RASMECC), തൃശ്ശൂർ**
16. **ലതാ ജനാർദ്ദനൻ, മാനേജർ. റീജിയണൽ ബിസ്സിനസ്സ് ഓഫീസ് തൃശ്ശൂർ**
17. **ഉഷാ രാമചന്ദ്രൻ, ഡെപ്യൂട്ടി മാനേജർ. എസ്.എം.ഇ. പാറമേക്കാവ്, തൃശൂർ**

**ഇന്ന് 31.12..2024 ന് ബാങ്കിനോട് വിടപറയുന്ന നമ്മുടെ സുഹൃത്തുക്കൾക്കു എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷന്റെ അഭിവാദ്യങ്ങൾ! വളരെ സന്തോഷം നിറഞ്ഞ വിശ്രമ ജീവിതം ആശംസിക്കുന്നു .**

# ഷാജി.കെ.വി.



ഷാജി.കെ.വി.

സ്തുത്യർഹമായ സമർപ്പിത സേവനത്തിന് ശേഷം കട്ടപ്പന ശാഖയിൽ നിന്നും നവംബർ 30ന് വിരമിച്ച ഷാജി.കെ.വി. ആരോഗ്യപൂർണവും, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ ജീവിതം ആശംസിക്കു ന്നു. .

. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ഇടുക്കി ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടന യിലേയ്ക്ക് സ്വാഗതം ചെയ്യുന്നു

# ശാന്തി .എസ്.



ശാന്തി .എസ്.

കോട്ടയം എൻആർഐ ശാഖ 39 വർഷത്തെ സമർപ്പണ സേവനത്തിന് ശേഷം അചഞ്ചലമായ പ്രതിബദ്ധതയും കാര്യമായ സംഭാവനകളും നല്കി വിരമിക്കുന്ന ചീഫ് അസോസിയേറ്റ് എസ ശാന്തിയ്ക്ക് 30.12..2024-ാം തിയതി വൈകുന്നേരം 5.00 മണിക്ക് ഹൃദ്യമായ യാത്രയയപ്പ് നല്കി. അർഹമായ പുതിയ റിട്ടയർമെന്റ ജീവിതം പുതിയ അധ്യായം ആരംഭിക്കുമ്പോൾ ശാന്തി എസ്. ന് എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷന്റെ അഭിവാദ്യങ്ങൾ! വളരെ സന്തോഷം നിറഞ്ഞ വിശ്രമ ജീവിതം ആശംസിക്കുന്നു .



കോട്ടയം എൻ. ആർ.ഐ.ശാഖയിൽ നിന്നും ഡിസംബർ 31 നു വിരമിക്കുന്ന ശാന്തി.എസ്സിനെ എസ്ബിഐ പെൻഷനേർസ് അസോസിയേഷനിലേക്ക് സ്വാഗതം ചെയ്തും ആശംസകൾ നേർന്നും സംസാരിക്കുന്ന ഏറിയ 1 എക്സിക്യൂട്ടീവ് കമ്മറ്റി അംഗം ജെയിൻ എബ്രഹാം. ജില്ലാ പ്രസിഡന്റ് കെ.എൻ.വിശ്വനാഥൻ നായരും ചടങ്ങിൽ പങ്കെടുത്തു.

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് ക്ഷണിക്കുന്നു.

# ജോൺസൺ പോൾ

മണക്കാട് ജംഗ്ഷൻ ബ്രാഞ്ച്, തൊടുപുഴ, ഇടുക്കി ശാഖയിൽ നിന്നും 2024 ഡിസംബർ മാസം 31-ാം തിയതി വിരമിക്കുന്ന ജോൺസൺ പോൾ, ഡെപ്യൂട്ടി മാനേജർ.



ജോൺസൺ പോൾ

സന്തോഷഭരിതവും ആരോഗ്യകരവുമായ സമാധാനവും സന്തോഷവും നിറഞ്ഞ വിശ്രമ ജീവിതം ആശംസിക്കുന്നു. .എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ഇടുക്കി ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു

# രമാദേവി.റ്റി.എസ്.



രമാദേവി.റ്റി.എസ്.

29 വർഷത്തെ ശ്രേഷ്ഠമായ സേവനത്തിനു ശേഷം ഏറണാകുളം എം.ജി.റോഡ് ശാഖയിൽ നിന്നും 2024 ഡിസംബർ മാസം 31 ന് വിരമിക്കുന്ന രമാദേവി. റ്റി.എസ്., സീനിയർ ഹെഡ് മെസ്സഞ്ജർ. സന്തോഷഭരിതവും ആരോഗ്യകരവുമായ സമാധാനവും സന്തോഷവും വിശ്രമ ജീവിതം ആശംസിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസ്സോസിയേഷനിൽ ചേർന്ന് പ്രവർത്തിക്കുവാൻ ക്ഷണിക്കുന്നു.

# ജോർജ്ജ് ജോസഫ്

15 വർഷവും 7 മാസവും പിന്നിട്ട സ്തുത്യ ർഹമായ സമർപ്പിത സേവനത്തിന് ശേഷം ജോർജ്ജ് ജോസഫ് അസോസ്സിയേറ്റ് പെരുമ്പാവൂർ ടൗൺ ശാഖയിൽ നിന്നും വിരമിക്കുന്നു. സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു..



ജോർജ്ജ് ജോസഫ

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

# ജോസഫ് കെ തോമസ്



37 വർഷവും 11 മാസവും പിന്നിട്ട സ്തുത്യർഹമായ സമർപ്പിത സേവനത്തിന് ശേഷം ജോസഫ് കെ തോമസ്, ഡെപ്യൂട്ടി മാനേജർ കോട്ടയം പുതുപ്പള്ളി ശാഖയിൽ നിന്നും ഡിസംബർ 31ന് വിരമിക്കുന്നു.. ആരോഗ്യ പൂർണവും, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു



.ജോസഫ് കെ.. തോമസിന് ആശംസകൾ അർപ്പിച്ചുകൊണ്ടും അസോസിയേഷനിലേക്ക് സ്വാഗതം ചെയ്തുകൊണ്ടും അഡ്വ. വി. ആർ. ബി.നായർ പുതുപ്പള്ളി ബ്രാഞ്ചിൽ 30.12.2024 ന് ഏർപ്പെടുത്തിയ യാത്രയയപ്പ് ചടങ്ങിൽ പ്രസംഗിക്കുന്നു.

# വിമല കുമാരി എം.ജി



**വിമല കുമാരി എം.ജി**

**35 വർഷവും 1 മാസവും 16 ദിവസവും പിന്നിട്ട സ്തുത്യർഹമായ സമർപ്പിത സേവനത്തിന് ശേഷം വിമല കുമാരി എം.ജി, അസിസ്റ്റന്റ് ജനറൽ മാനേജർ , കോട്ടയം എസ്.എം.ഇ.സി.സി. ശാഖയിൽ നിന്നും ഡിസംബർ 31 ന് വിരമിക്കുന്നു. ആരോഗ്യ പൂർണവും, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു**



എ.ഒ.യിൽ നിന്നും 31.12.2024 നു വിരമിക്കുന്ന എ.ജി.എം. വിമലാകുമാരിയുടെ യാത്രയയപ്പ് യോഗത്തിൽ എസ്ബിഐ പെൻഷനേർസ് അസോസിയേഷനിലേക്ക് സ്വാഗതം ചെയ്തും ആയുരാരോഗ്യ സൗഭാഗ്യത്തോടെ യുള്ള ഒരു റിട്ടയർമെന്റ് ജീവിതം ആശംസിച്ചുകൊണ്ടും സംസാരിക്കുന്ന ജില്ലാഎക്സിക്യൂട്ടീവ് കമ്മറ്റി അംഗം കെ.ജെ.വർഗീസ്. ജില്ലാ പ്രസിഡന്റ് കെ.എൻ.വിശ്വനാഥൻ നായരും യോഗത്തിൽ സന്നിഹിതനായിരുന്നു.




# ഹെൻട്രി ജോണിന് കെ.ആർ.എൽ.സി.സി.യുടെ ആദരവ്



**ഹെൻട്രി ജോൺ**

വിജയപുരം രൂപതയു ടെ പബ്ലിക് റിലേഷൻസ് ഓഫീസർ, കോർപറേറ്റ് എഡ്യൂക്കേഷൻ ബോർഡംഗം, രൂപതാ പാസ്റ്ററൽ കൗൺസിലംഗം തുടങ്ങിയ ചുമതലകൾ ദീർഘകാലമായി വഹിക്കുന്ന ഹെൻട്രി ജോൺ കേരള റീജിയൻ ലാറ്റിൻ കാത്തലിക് കൗൺസിലിന്റെ ആദരവിന് അർഹനായി. സഭാ-സമുദായ സാമൂഹിക രംഗങ്ങളിലെ സേവനങ്ങളും ശ്രേ ഷ്ഠമായ സംഭാവനകളു മാണ് ഹെൻട്രി ജോണിനെ ആദരവിന് അർഹ നാക്കിയത്.

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ഡെപ്യൂട്ടി ജനറൽ സെക്രട്ടറി കൂടിയാണ് (ഡി.ജി.എസ്.) ഹെൻറി ജോൺ

# സി.എ. ഫൈനലിൽ മിന്നും ജയത്തോടെ മിന്നു മറിയം സൈജു



..

മിന്നു മറിയം സൈജു

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ചങ്ങനാശേരി ഏരിയ അംഗങ്ങളായ കെ സി ബാബുവിന്റെയും ശോശാമ്മ ബാബുവിന്റെയും ചെറുമകൾ മിന്നു മറിയം സൈജു തന്റെ ആദ്യ ശ്രമത്തിൽ തന്നെ CA ഫൈനൽ (രണ്ടു ഗ്രൂപ്പുകളും ഒരുമിച്ച്) പാസായി.

**അഭിനന്ദനങ്ങൾ!**

# സൈബർ തട്ടിപ്പ് പൊളിച്ച് എസ്.ബി.ഐ. ചങ്ങനാശ്ശേരി ശാഖയിലെ സർവീസ് മാനേജർ മീനാ ബാബു

ചങ്ങനാശ്ശേരി സ്വദേശിയായ ഡോക്ടർ ആണ് തട്ടിപ്പിനിരയായത്.ഡോക്ടറെ പോലീസെത്തി മോചിപ്പിക്കുകയായിരുന്നു. ഡോക്ടറുടെ ഇടപാടിൽ അസ്വാഭാവികത തോന്നിയ സർവീസ് മാനേജരുടെ ആപത്തിനെപ്പറ്റിയുള്ള മുൻസൂചന വക വെക്കാതെ ഇടപാട് നടത്തിയെങ്കിലും എസ്.ബി.ഐ.യുടെ ജയ്പ്പൂരിലുള്ള ഫിനാഷ്യൽ ഇന്റലിജൻസ് യുണിറ്റ് നല്കിയ സൂചന പ്രകാരം ബാങ്ക് പോലീസിൽ അറിയിച്ച് തട്ടിപ്പ് തടയുകയായിരുന്നു.




**ചങ്ങനാശ്ശേരി ശാഖയിലെ സർവീസ് മാനേജർ മീനാ ബാബു**

## എസ്ബിഐഒഎ കേരള ഡിജിഎസ്, ആർ. രാജേഷിനെ ഗുവാഹത്തിയിലെ സി.ഡബ്ല്യു.സി. ആദരിച്ചു.






ഗുവാഹത്തി സർക്കിൾ സിജിഎം, മറ്റ് പ്രമുഖരും ആർ. രാജേഷിനെ ആദരിക്കുന്നു

ടേബിൾ ടെന്നിസിലെ സമഗ്ര നേട്ടങ്ങൾക്ക് എസ്ബിഐഒഎ കേരള (9447303882) ഡിജിഎസ്, ആർ. രാജേഷിനെ, ഗുവാഹത്തിയിലെ സിഡബ്ല്യുസി ആദരിച്ചു. സിജിഎം ഗുവാഹത്തി സർക്കിളും മറ്റ് പ്രമുഖരും അദ്ദേഹത്തെ ആദരിക്കുന്നത് കാണാം.

25 വർഷത്തിലേറെയായി രാജേഷ് കേരള സംസ്ഥാന ഔദ്യോഗിക ടീമിനെ പ്രതിനിധീകരിച്ചു. നിലവിൽ അന്താരാഷ്ട്ര റാക്കറ്റ് ചെക്കറും ടേബിൾ ടെന്നീസ് അന്താരാഷ്ട്ര അമ്പയറുമാണ്. എസ്ബിഐയും നമ്മുടെ എസ്ബിഐയുടെ കുടുംബാംഗങ്ങളും ടേബിൾ ടെന്നിസിൽ എസ്ബിഐക്കും രാജ്യത്തിനും നൽകിയ സമ്പന്നമായ സംഭാവനകൾക്ക് ഇതിഹാസനായ രാജേഷ്നോട് കടപ്പെട്ടിരിക്കുന്നു.

## ഫാമിലി പെൻഷൻ പുതുക്കി

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ നിരന്തരമായ ശ്രമഫലമായി മൂന്ന് കുടുംബ പെൻഷൻകാർക്ക് അവസാനം വാങ്ങിയ ശമ്പളം അടിസ്ഥാനമാക്കി പെൻഷൻ പുതുക്കി നിശ്ചയിച്ച് കൊടുത്തു. ഓരോരുത്തർക്കും കിട്ടിയ കടിശ്ശികത്തുകയും അതാത് പേരിന്റെയൊപ്പം കൊടുത്തിരിക്കുന്നു സംസ്ഥാന വൈസ് പ്രസിഡന്റ് ജോസ് മാഴ്സിലിൻ ഇക്കാര്യത്തിൽ കാണിച്ച ശുഷ്കാന്തി പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു..

1. വിശ്വനഥൻ എം.എസ്..: പി.എഫ്.നം. 3572021 രൂപാ. 4,08,825
2. ഉഷാകുമാരി രാജേന്ദ്രൻ: പി.എഫ്.നം.2977575 ₹. 1,73,080
3. യശോദ. എൻ ::: പി.എഫ്.നം.822089 ₹. 27,511



ജോസ് മാഴ്സിലിൻ



3




## എസ്. ഹേമലത



എസ്. ഹേമലത

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ മെമ്പർ ഹേമലത. എസ്. ( LM 10348 ) റിട്ട. എസ്ബിഐ). ചീഫ് മാനേജർ കോട്ടയം: കാരാപ്പുഴ താഴത്തുപുരയ്ക്കൽ അന്തരിച്ചു. ഭർത്താവ്: ആർ.കൃ ഷ്ണപ്രസാദ് (റിട്ട. സൗത്ത് ഇ ന്ത്യൻ ബാങ്ക് ഡി.ജി.എം.). മക്കൾ: വിജിത കെ.പ്രസാദ് (ടി.സി.എസ്. എറണാകുളം), ആതിര കെ.പ്രസാദ് (മാനേജർ സൗത്ത് ഇന്ത്യൻ ബാങ്ക് എറണാകുളം), വി ഷ്ണു കെ.പ്രസാദ് (ആക്സ ഞ്ചർ യു.കെ.). മരുമക്കൾ: ഭരതരാജൻ (ടി.സി.എസ്. എറണാകുളം), അരുൺ പ്രേം (മാനേജർ സൗത്ത് ഇ ന്ത്യൻ ബാങ്ക് എറണാകു ളം), സ്നേഹ (ഗോൾഡ് മാൻ സാക്സ് യു.കെ.). സം സ്കാരം നടത്തി. സഞ്ചയനം ഡിസംബർ എട്ടിന് ഞായ റാഴ്ച രാവിലെ ൯-ന് ആയിരുന്നു. .



ഹേമലത.എസ്. നു അന്ത്യാഞ്ജലി അർപ്പിക്കുന്ന എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷൻ കോട്ടയം ജില്ലാ കേന്ദ്രത്തിലെ ഭാരവാഹികൾ.

## കെ.ഗിരി



കെ.ഗിരി

പൂഞ്ഞാർ എസ് എം വി സ്കൂൾ മുൻ അധ്യാപിക പരേതയായ ദ്വാരക വീട്ടിൽ തുളസി ടീച്ചറൂടെ മകൻ കൃഷ്ണാജ്ഞലി യിൽ പനച്ചികപ്പാറ, പൂഞ്ഞാർ കെ.ഗിരി ( റിട്ട. എസ് ബി ഐ മാനേജർ ) അന്തരിച്ച വിവരം വ്യസന സമേതം അറിയിക്കുന്നു.

ഗിരിയുടെ ഭാര്യ ബിജി , തൊടുപുഴ തഹസീൽദാർ ആണ്. ഹൃദയാഘാതം ആയിരുന്നു. 2024 നവംബർ 30നു ആണ് വിരമിച്ചത്., അടൂർ കാഷ് അഡ്മിനിസ്ട്രേഷൻ സെൽ, മാനേജർ, ആയിരുന്നു. സംസ്കാരം ഡിസംബർ മാസം 13–ാം തിയതി വെള്ളിയാഴ്ച്ച വൈകുന്നേരം 4 മണിയ്ക്ക് വീട്ടുവളപ്പിൽ നടത്തി.

ആദരാഞ്ജലികൾ!

# വി.ജനാർദ്ദനൻ



വി.ജനാർദ്ദനൻ

റിട്ട. എസ് ബി ഐ ആംഡ് ഗാർഡ് വെള്ളച്ചാലിൽ വി.ജനാർദ്ദനൻ (79 വയസ്സ്)) മരണപ്പെട്ട വിവരം വ്യസനസമേതം അറിയിക്കുന്നു.ഭൗതിക ശരീരം കണ്ണൂർ AKG ഹോസ്പ്പിറ്റലിൽ നിന്ന് 4/12/2024 ന് ബുധൻ രാവിലെ എത്തിച്ച് 08:00 മണി മുതൽ 9:00 മണി വരെ കാടാച്ചിറ HSS ന് അടുത്തുള്ള വീട്ടിൽ പൊതുദർശനത്തിന് വച്ചു. അതിന് ശേഷം മാളികപറമ്പ് ശ്മശാനത്തിൽ ശവസംസ്കാരം നടത്തി.

ഭാര്യ വിമല. മക്കൾ ഷീന (ഇരിങ്ങല്ലൂർ കോഴിക്കോട്), ഷനൂപ് (ബെല്ലാരി), മരുമക്കൾ സുധീഷ് (ഇരിങ്ങല്ലൂർ കോഴിക്കോട്), രമ്യ (പതിമംഗലം കോഴിക്കോട്)* സഹോദരങ്ങൾ പരേതരായ രാധ, ശ്രീധരൻ,സോമൻ, രമണി , പ്രകാശൻ.

കുടുംബാഗങ്ങളുടെ ദുഃഖത്തിൽ പെൻഷനേഴ്സ് അസ്സോസ്സിയേഷൻ പങ്കുചേരുന്നതിനോടൊപ്പം അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നു

# അമ്മിണിയമ്മ



അമ്മിണിയമ്മ

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ വൈക്കം ഏരിയ കമ്മിറ്റി മെമ്പറായ എ.എൻ.സരസ്സമ്മയുടെ മാതാവ് അമ്മിണിയമ്മ വാർദ്ധക്യസഹജമായ അസുഖത്തെ തുടർന്ന് നിര്യാതയായ വിവരം വ്യസന സമേതം അറിയിക്കുന്നു. സംസ്കാരം കുമളി കൊച്ചറയിലുള്ള സഹോദരന്റെ വീട്ടുവളപ്പിൽ നടത്തി.

എസ്ബിഐ പെൻഷനേർസ് അസോസിയേഷൻ കോട്ടയം സെന്ററിന്റെ അനുശോചനം സന്തപ്ത കുടുംബാംഗങ്ങളെ അറിയിക്കുന്നു. പരേതയുടെ ആത്മാവിന് നിത്യ ശാന്തിക്കായി പ്രാർത്ഥിക്കുന്നു.

.

# മോളി ജോബ്



മോളി ജോബ്

പയപ്പാർ കവിയിൽ ജോബിന്റെ (എസ്ബിഐ മുൻ ഉദ്യോഗസ്ഥൻ" ഭാര്യ മോളി ജോബ് (62) അന്തരിച്ചു. സംസ് കാരം ഡിസംബർ 11 ബുധനാഴ്ച ഉച്ചയ്ക്ക് രണ്ടിന് അന്ത്യാലം സെന്റ് മാത്യൂസ് പള്ളിയിൽ നടത്തി. പരേത തുടങ്ങനാട് പൂവത്തുങ്കൽ കുടുംബാംഗമാണ്. മക്കൾ: അജയ്, മൈക്കിൾ, ടെസ്. മരുമ കൾ: ജുവൽ, എസ്ബിഐ പെൻഷണഴ്സ അസോസിയേഷൻ കോട്ടയം സെന്ററിന്റെ അനുശോചനം സന്തപ്ത കുടുംബാംഗങ്ങളെ അറിയിക്കുന്നു.

# അഡ്വ.സിറിയക്ക് മേടയ്ക്കൽ



അഡ്വ. സിറിയക്ക് മേടയ്ക്കൽ

പാലാ നഗരസഭ മുൻ കൗൺസിലർ അഡ്വ.സിറിയക്ക് മേടയ്ക്കൽ നിര്യാതനായ വിവരം വ്യസനസമേതം അറിയിക്കുന്നു. ഭാര്യ മേഴ്സി എസ്.ബി.റ്റി. റിട്ടയേർഡ് ഉദ്യോഗസ്ഥയാണ്. മൃതദേഹം 8/12/24 ന- ഞായർ 4.30 ന് ഞൊണ്ടി മാക്കൽ കവലയിലുള്ള സ്വഭവനത്തിൽ

കൊണ്ടുവന്നു. സംസ്കാരം 9/12/24 ന്- തിങ്കൾ 3 മണിക്ക് പാലാമുണ്ടാങ്കൽ പള്ളിയിൽ നടത്തി.

അദ്ദേഹത്തിന്റെ നിര്യാണത്തിൽ എസ് ബി ഐ പെന്ഷനേഴ്സ് അസോസിയേഷൻ കേരള കോട്ടയം കേന്ദ്രത്തിന്റെ അതീവ ദുഃഖം രേഖപ്പെടുത്തുന്നു. സന്തപ്ത കുടുംബത്തെ അനുശോചനം അറിയിക്കുന്നു.

# ജാനകി രാമൻകുട്ടി



ജാനകി രാമൻകുട്ടി

എസ്.ബി.ഐ. റിട്ട. മാനേജർ എം.ആർ.സുശീലയുടെ മാതാവ് പാമ്പാടി ആലാംപള്ളി മുലക്കര (ശ്രീനന്ദനം) ജാനകി രാമൻകുട്ടി (88) നിര്യാതയായ വിവരം വ്യസന സമേതം അറിയിക്കുന്നു. ഭർത്താവ്: പരേതനായ രാമൻകുട്ടി. മക്കൾ: എം.ആർ.സുശീല (റിട്ട. മാനേജർ എസ്.ബി.ഐ), എം.ആർ. സിനി (റിട്ട. സൂപ്രണ്ടന്റ് കെ.എസ്.ഇ.ബി.). മരുമകൻ: എൻ.രാജൻ (റിട്ട. എഫ്.എ.സി.ടി). സംസ്കാരം ആലാംപള്ളി ശ്രീനന്ദനം വീട്ടുവളപ്പിൽ നടത്തി.
ആദരാഞ്ജലികൾ!

# പൊന്നമ്മ. എസ്.



പൊന്നമ്മ. എസ്.

കുമരകം തുണ്ടിയിൽ പരേതനായ T R ഗോപിനാഥൻ നായരുടെ (റിട്ട. ഹെഡ് മാസ്റ്റർ, കുമരകം GVHSS) സഹധർമിണി പൊന്നമ്മ S (86) വാർധക്യ സഹജമായ അസുഖം മൂലം നിര്യാതയായി.

സംസ്കാര ചടങ്ങുകൾ 18.11.2024 (തിങ്കളാഴ്ച്ച) രാവിലെ 11.30 ന് കുമരകം ഗവ. ഹൈസ്കൂളിന് സമീപമുള്ള വീട്ടുവളപ്പിൽ നടത്തി. മക്കൾ ഗീത P (റിട്ട. SBI) ,Adv. ജയശങ്കർ ജി, ജയചന്ദ്രൻ ജി (റിട്ട. KSEB) മരുമക്കൾ പരേതനായ മുരളീധരൻ നായർ, ബീന K (ADM, LIC of India, കോട്ടയം. കുടുംബാംഗങ്ങളുടെയും ബന്ധുക്കളുടേയും ദു:ഖത്തിൽ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനും പങ്കു ചേരുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുന്നു..

# സുധാകരൻ.സി.കെ.



സുധാകരൻ.സി.കെ.

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ മലപ്പുറം ജില്ലാ കേന്ദ്രത്തിലെ അംഗം സുധാകരൻ. സി.കെ. ഇന്ദീവരം, ആദിലക്ഷ്മീ ഇൻഡസ്റ്റ്രീസിന സമീപം മേലേപുതുക്കോട് കോഴിക്കോട് അന്തരിച്ചു.
മലപ്പുറം യൂണിറ്റ് അംഗം സി. കെ. സുധാകരൻ (LM /5614 കോഴിക്കോട വെട്രോ ഹോസ്പിറ്റലിൽ വെച്ച് നിര്യാതനായ വിവരം ഖേദപൂർവ്വം അറിയിക്കുന്നു. ഭാര്യ:: ഹൈമവതി.കെ. പരേതന്റ ശവസംസ്കാര ക്രിയകൾ ഗോതീശ്വരം ശ്മശാനത്തു നടത്തി.
ദു:ഖിതരായ സുഹൃത്തുക്കൾക്കും, ബന്ധുക്കൾക്കും കുടുംബാംഗങ്ങൾക്കുമൊപ്പം എസ്.ബി.ഐ പെൻഷനേഴ്സ് അസോസിയേഷനും ദു:ഖത്തിൽ പങ്കുചേരുന്നു.

# രാജു ടി.

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ തിരുവനന്തപുരം ജില്ലാ കേന്ദ്രത്തിലെ അംഗം രാജു ടി LM 7620 അദ്ദേഹത്തിന്റെ വസതിയിൽ വെച്ച് ദുഖകരമായ വിയോഗം സംഭവിച്ച വിവരം അഗാധമായ ദുഃഖത്തോടെ അറിയിക്കുന്നു.



രാജു .ടി.

**അദ്ദേഹത്തിന്റെ വിയോഗത്തിൽ ദു:ഖിതരായ ബന്ധുക്കൾക്കും കുടുംബാംഗങ്ങൾക്കുമൊപ്പം എസ്.ബി.ഐ പെൻഷനേഴ്സ് അസോസ്സിയേഷന്റെ തിരുവനന്തപുരം ജില്ലയും ദു:ഖത്തിൽ പങ്കുചേരുന്നു. അഗാധമായ അനുശോചനം രേഖപ്പെടുത്തുന്നു**

.

# ആർ.വിശ്വനാഥ ഷേണായി



**ആർ.വിശ്വനാഥ ഷേണായി.**

**എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം ജില്ലാ കേന്ദ്രത്തിലെ അംഗം വിശ്വനാഥ ഷേണായി ആർ (LM 58) - 2024 ഡിസംബർ 16-ന് വൈകുന്നേരം നമ്മെ വിട്ടുപിരിഞ്ഞ** വിവരം വ്യസന സമേതം അറിയിക്കുന്നു.

**മരിച്ചവരുടെ കുടുംബത്തിനെ എസ്ബിഐപിഎ എറണാകുളം സെന്റർ അഗാധമായ അനുശോചനം** അറിയിക്കുന്നു.

# സെബാസ്റ്റ്യൻ.പി. വർഗീസ്

**എസ്ബിഐ പെൻഷനേഴ്സ് അസ്സോസ്സിയേഷൻ ജില്ലാ കേന്ദ്രത്തിലെ അംഗം മുട്ടം : പൂങ്കുഴയിൽ സെബാസ്റ്റ്യൻ പി. വർഗീസ്** നിര്യാതനായ വിവരം വ്യസന സമേതം അറിയിക്കുന്നു. **പരേതന്റെ ഭാര്യ ഷേർലി ഇപ്പോൾ എസ്ബിഐ മുട്ടം ശാഖയിൽ ദ്യോഗസ്ഥയാണ്.**



**സെബാസ്റ്റ്യൻ പി. വർഗീസ്**

**61 വയസ്സായിരുന്നു. സംസ്കാരം 26.12.2024 ഉച്ച കഴിഞ്ഞ് 3.00 മണിക്ക് മ്രാല മലങ്കര സെന്റ് ആൻഡ്രൂസ് പള്ളി സെമിത്തേരിയിൽ നടത്തി. കുടുംബാംഗങ്ങളുടെയും ബന്ധുക്കളുടേയും ദു:ഖത്തിൽ എസ്.ബി.ഐ. പെൻഷ നേഴ്സ് അസോസ്സിയേഷനും പങ്കു ചേരുന്നു.** പരേതാത്മാവിന് നിത്യശാന്തി നേരുന്നു

# കാലമെഴുതിയ കഥ




**ഏഴ് പതിറ്റാണ്ടുകളായി മലയാളിയുടെ സാംസ്കാരിക ലോകത്ത് നിറഞ്ഞുനിന്ന എം.ടി എന്ന രണ്ടക്ഷരം നിത്യതയിലേക്ക് നടന്നകന്നിരിക്കുന്നു.**

**ജീവിതത്തിന്റെ തീക്ഷ്ണ യാഥാർത്ഥ്യങ്ങളിലേക്ക് അക്ഷര ക്കൂട്ടുകളിലൂടെ കൈപിടിച്ചു നടത്തിയതിന്.** ബന്ധവും ബന്ധനവും പണവും പ്രതാപവും എന്തെന്ന് നിർവചിച്ച എം.ടി,.



**ഇനി വരാനിരിക്കുന്ന തലമുറകൾക്ക് വായിച്ചാൽ തീരാത്തത്രയും ജീവിതങ്ങളെ കഥകളിൽ അവശേഷിപ്പിച്ച്, കഥാപാത്രങ്ങളെ ബാക്കിവെച്ച് കടന്നുപോകുമ്പോൾ കാലം നന്ദി പറയുന്നു ......**

വാർദ്ധക്യസഹജമായ അസുഖങ്ങളേത്തുടർന്ന് കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്ന എം.ടി. വാസുദേവൻ നായർ (91) അന്തരിച്ചു. ബുധനാഴ്ച രാത്രി പത്ത് മണിയോടെയായിരുന്നു അന്ത്യം.



തലമുറകൾക്കു പകർന്നു നൽകിയ എഴുത്തിന്റെ പുണ്യം. സാഹിത്യവും സിനിമയും പത്രപ്രവർത്തനവുമടക്കം കൈവെച്ചതെല്ലാം പൊന്നാക്കിയ സർഗതീവ്രത. മുഖവുരകളാവശ്യമില്ലാത്ത സമാനതകളില്ലാത്ത വൈഭവം. കണ്ണാടിയിലെന്നപോലെ മലയാളി സ്വയം പ്രതിഫലിക്കുന്ന കഥാപാത്രങ്ങളെ സൃഷ്ടിച്ച സൂക്ഷ്മത.

മരണം രംഗബോധമില്ലാത്ത കോമാളി എന്നെഴുതിയ എം.ടിയുടെ പ്രവചനാത്മതയ്ക്ക് മുന്നിൽ ഓർത്തുവെക്കാൻ വാക്കുകളുടെ മായാജാലം സമ്മാനിച്ച് ധന്യമായ ആ മടക്കം. വരാതിരിക്കില്ല എന്ന ഒറ്റവാക്കിലൂടെ ഒരു പ്രപഞ്ചത്തെ ചിമിഴിലൊതുക്കിയ കാലത്തിന്റെ ആ മഹാപ്രവാഹത്തിനു നന്ദി.

# ഡോ. മൻമോഹൻ സിംഗ് അന്തരിച്ചു

**മുൻ പ്രധാനമന്ത്രി മൻമോഹൻ സിംഗ് (92) വ്യാഴാഴ്ച (ഡിസംബർ 26, 2024) വൈകുന്നേരം ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ അന്തരിച്ചു. ഡോ. മൻമോഹൻ സിങിന് പ്രണാമം അർപിച്ച് രാജ്യം**

**“വാർദ്ധക്യ സഹജമായ അസുഖങ്ങൾക്ക് ചികിത്സയിലായിരുന്ന അദ്ദേഹത്തിന് ഡിസംബർ 26-ന് വീട്ടിൽ വെച്ച് പെട്ടെന്ന് ബോധക്ഷയമുണ്ടായി. ഉടൻ തന്നെ വീട്ടിൽ പുനരുജ്ജീവന നടപടികൾ ആരംഭിച്ചു. രാത്രി 8.06 ഓടെ ഡൽഹി എയിംസിൽ അദ്ദേഹത്തെ മെഡിക്കൽ എമർജൻസിയിലേക്ക് കൊണ്ടുപോയി. എല്ലാ ശ്രമങ്ങളും നടത്തിയിട്ടും, അദ്ദേഹത്തെ പുനരുജ്ജീവിപ്പിക്കാൻ കഴിഞ്ഞില്ല, രാത്രി 9.51 ന് മരിച്ചുവെന്ന് പ്രഖ്യാപിക്കപ്പെട്ടു, .**



**ഡോ. മൻമോഹൻ സിംഗ്**

**നിരവധി ഓർമകളും നേട്ടങ്ങളും സമ്പന്നമായ ഒരു പാരമ്പര്യവും അവശേഷിപ്പിച്ചാണ് അദ്ദേഹം ഇപ്പോൾ നമ്മെ വിട്ടുപോയിരിക്കുന്നത്. 2004 മേയ് 22 മുതൽ 2014 മേയ് 26 വരെ ഇന്ത്യയുടെ 14-ാമത്തെ പ്രധാനമന്ത്രിയായിരുന്നു ഡോ. മൻമോഹന്സിംഗ്. വിഭ്യാഭാസ വിചക്ഷണനായി കരിയർ ആരംഭിച്ച അദ്ദേഹം 1971 ൽ കേന്ദ്ര വാണിജ്യമന്ത്രാലയത്തിൽ സാമ്പത്തിക ഉപദേഷ്ടാവായിരുന്നു. അതിനുശേഷം അദ്ദേഹത്തിന് തിരിഞ്ഞു നോക്കേണ്ടി വന്നിട്ടില്ല. മുഖ്യ സാമ്പത്തിക ഉപദേഷ്ടാവ്, ആസൂത്രണ കമ്മിഷൻ ഉപാധ്യക്ഷൻ, ആർബിഐ ഗവർണർ തുടങ്ങിയ സുപ്രധാന പദവികൾ അദ്ദേഹം വഹിച്ചു.**

**‘‘മാധ്യമങ്ങൾ കാണിച്ചതിനേക്കാൾ കൂടുതൽ ദയ ചരിത്രം എന്നോട് കാണിക്കും’’ 2014ലെ ലോക്സഭാ തിരഞ്ഞെടുപ്പിന് മുമ്പ് ഡോ. മന്മോഹൻ സിംഗ് നടത്തിയ പത്രസമ്മേളനത്തിൽ അദ്ദേഹം പറഞ്ഞ വാക്കുകളാണിത്. തനിക്കെതിരായ വൻ അഴിമതി ആരോപണങ്ങൾക്കിടയിലും ചില വ്യക്തി ആക്രമണങ്ങൾക്കുമിടയിൽ സ്ഥാനം ഒഴിഞ്ഞപ്പോഴായിരുന്നു അദ്ദേഹം ഇക്കാര്യം പറഞ്ഞത്**




**അംഗങ്ങളിൽ നിന്നും പ്രസിദ്ധീകരണ യോഗ്യമായ വാർത്തകൾ/ രചനകൾ ക്ഷണിക്കുന്നു.**

**ഒരു സൃഷ്ടിയും ഒരിക്കലും പൂർണ്ണമാകുന്നില്ല. സൂക്ഷ്മമായി നിരീക്ഷിച്ചാൽ കുറവുകൾ കണ്ടേക്കാം. അവ ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയാലും. അഭിപ്രായങ്ങൾ ക്ഷണിക്കുന്നു.**
**ചീഫ് എഡിറ്റർ**

**P.S: ഇതിൽ പ്രകടിപ്പിച്ചിരിക്കുന്ന ആശയങ്ങൾ എല്ലാം എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റേത് ആയിക്കൊള്ളണമെന്നില്ല**






SBI PENSIONERS ASSOCIATION KERALA
KOTTAYAM- DISTRICT CENTRE, MARIYA BHAVAN I FLOOR,KUMARANALLOOR .P.O. KOTTAYAM Pin-686 016
Tel: 0481 25 67 373, Mobile : 9446424407, 9446046899, 9446122245
email: sbipakktym@gmail.com